بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 6

ലക്കം 43

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ഒക്ടോബർ 28/ഹി.ശം. 1400 അഖാഅ് 28/1443 റബീഉൽ അവ്വൽ 21


## അല്ലാഹുവിന്റെ വചനം

اِنَّمَا یُرِیۡدُ الشَّیۡطٰنُ اَنۡ یُّوۡقِعَ بَیۡنَکُمُ الۡعَدَاوَۃَ وَالۡبَغۡضَآءَ فِی الۡخَمۡرِ وَالۡمَیۡسِرِ وَیَصُدَّکُمۡ عَنۡ ذِکۡرِ اللّٰہِ وَعَنِ الصَّلٰوۃِ ۚ فَہَلۡ اَنۡتُمۡ مُّنۡتَہُوۡنَ ○

(المائدۃ:92)

'തീർച്ചയായും പിശാച് ഉദ്ദേശിക്കുന്നത് മദ്യവും ചൂതാട്ടവും മുഖേന നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കിത്തീർക്കണമെന്നും അല്ലാഹുവിന്റെ സ്മരണയിൽനിന്നും നമസ്കാരത്തിൽനിന്നും നിങ്ങളെ തടയണമെന്നും മാത്രമാണ്. അതുകൊണ്ട് നിങ്ങൾ ഇവയിൽനിന്നെല്ലാം വിരമിക്കുന്നവരാണോ?' (5:92)

## അഹ്‌മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

**ആരാണ് മിസ്കീൻ?**

(1476) ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'ഒന്നോ രണ്ടോ പിടി ആഹാരമോ മറ്റോ ലഭിച്ചാൽ തിരിച്ചുപോകാൻ സന്നദ്ധനായിക്കൊണ്ട് ആളുകൾക്കിടയിൽ ചുറ്റിനടക്കുന്നവനല്ല മിസ്കീൻ. പിന്നെയോ പരാശ്രയമില്ലാതെ ജീവിക്കാൻ വകയില്ല. ജനങ്ങളോടു അവൻ തീരെ ചോദിക്കുകയുമില്ല; അവനാണ്!

**ധനം പാഴാക്കുന്നതും യാചന വർധിപ്പിക്കലും അല്ലാഹുവിന് ഇഷ്ടമല്ല.**

(1477) നബി(സ) തിരുമേനിയിൽ നിന്ന് താങ്കൾ കേട്ടിട്ടുള്ള കുറച്ച് ഹദീഥുകൾ തനിക്കെഴുതി അയച്ചുതരാൻ ഹദ്റത്ത് മുആവിയ്യ(റ), ഹദ്റത്ത് മുഗീറ ബിൻ ശെഅ്ബയ്ക്കെഴുതി. അപ്പോൾ അദ്ദേഹം ഇപ്രകാരം എഴുതി:നബി(സ)തിരുമേനി പറഞ്ഞത് ഞാൻ കേൾക്കുകയുണ്ടായി. നിശ്ചയം അല്ലാഹു നിങ്ങൾക്ക മൂന്നു സംഗതികൾ വെറുത്തിരിക്കുന്നു. ഖീലയും ഖാലയും പറയൽ, ധനം പാഴാക്കൽ, യാചന വർധിപ്പിക്കൽ. *(സ്വഹീഹ് ബുഖാരി, വാള്യം 3, കിതാബുസ്സക്കാത്ത്, പ്രസാധനം 2008 ഖാദിയാൻ)*

**യഥാർഥത്തിൽ മനുഷ്യൻ കളവു ഉപേക്ഷിക്കാത്തിടത്തോളം പരിശുദ്ധനാകുകയില്ല. അജ്ഞരായ ലൗകികർ പറയുന്നത് കളവില്ലാതെ ജീവിക്കാൻ കഴിയുകയില്ലെന്നാണ്. ഇതു വെറും നിരർഥമായ പറച്ചിലാണ്. ആരാണോ തങ്ങളുടെ കൈയ്യൂക്കിൽ വിശ്വാസമർപ്പിക്കുകയും അല്ലാഹുവിനെ വിട്ടു കളയുകയും ചെയ്യുന്നത് അവരുടെ പര്യവസാനം നല്ലതായിരിക്കുകയില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**കളവ് ഉപേക്ഷിക്കാതെ മനുഷ്യൻ പരിശുദ്ധനാകുകയില്ല.**

യഥാർഥത്തിൽ മനുഷ്യൻ കളവു ഉപേക്ഷിക്കാത്തിടത്തോളം പരിശുദ്ധനാകുകയില്ല. അജ്ഞരായ ലൗകികർ പറയുന്നത് കളവില്ലാതെ ജീവിക്കാൻ കഴിയുകയില്ലെന്നാണ്. ഇതു വെറും നിരർഥമായ പറച്ചിലാണ്. സത്യംകൊണ്ടു ജീവിക്കാൻ കഴിയുന്നില്ലെങ്കിൽ അസത്യംകൊണ്ട് ഒട്ടും ജീവിക്കാൻ കഴിയുകയില്ല. കഷ്ടമെന്നു പറയട്ടെ!അല്ലാഹുവിനെ വിലമതിക്കാത്തവൻ ദുഷ്ടനാണ്. അല്ലാഹവിന്റെ കൃപകൂടാതെ ജീവിക്കാൻ കഴിയുകയില്ലെന്ന് അവനറിയുന്നില്ല. അവൻ തന്റെ ആരാധ്യനും ബുദ്ധിമുട്ടുകൾ അകറ്റുന്നവനും കളവെന്ന മാലിന്യമാണെന്ന് മനസ്സിലാക്കുന്നു. ഇതുകൊണ്ടാണ് അല്ലാഹു കളവിനെ ബിംബങ്ങളുടെ മാലിന്യത്തോടു ബന്ധപ്പെടുത്തി വിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുള്ളത്. തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക, ഒരു ചുവടുവെക്കുന്നതു പോകട്ടെ ഒരു ശ്വാസംപോലും അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ നമുക്കെടുക്കാൻ കഴിയുകയില്ല. നമ്മുടെ ശരീരത്തിൽ എന്തെന്തല്ലാം ശക്തികളാണുള്ളത്. എന്നാൽ, നമ്മുടെ ശക്തികൊണ്ട് നമുക്കെന്താണ് ചെയ്യാൻ കഴിയുക? ഒന്നുംതന്നെ ചെയ്യാൻ കഴിയുകയില്ല.

**അല്ലാഹുവിൽ ഭരമേല്പിക്കുക എന്നതിന്റെ അർഥം**

ആരാണോ തങ്ങളുടെ കൈയ്യൂക്കിൽ വിശ്വാസമർപ്പിക്കുകയും അല്ലാഹുവിനെ വിട്ടു കളയുകയും ചെയ്യുന്നത് അവരുടെ പര്യവസാനം നല്ലതായിരിക്കുകയില്ല. ഇതിന്റെ അർഥം കൈയും കാലും തല്ലിയൊടിച്ച് കുത്തിയിരിക്കുന്നതിന്റെ പേരാണ് അല്ലാഹുവിൽ ഭരമേല്പിക്കലെന്നല്ല. കാര്യഹേതുക്കൾ പ്രയോജനപ്പെടുത്തുന്നതും അല്ലാഹു നല്കിയിട്ടുള്ള കഴിവുകളെ ജോലിയിൽ ഏർപ്പെടുത്തുന്നതും അല്ലാഹുവിനെ വിലമതിക്കലാണ്. ഈ കഴിവുകളെ പ്രയോജനപ്പെടുത്താതിരിക്കുകയും വായകൊണ്ട് തങ്ങൾ അല്ലാഹുവിൽ ഭരമേല്പിക്കുന്നുവെന്നു പറയുകയും ചെയ്യുന്നവർ വ്യാജരാണ്. അവർ അല്ലാഹുവിനെ വിലമതിക്കുന്നില്ല. അവർ അല്ലാഹുവിനെ പരീക്ഷിക്കുകയും അവൻ പ്രദാനം ചെയ്തിട്ടുള്ള ശക്തികളേയും കഴിവുകളേയും വ്യർഥമെന്ന് പറയുകയും ചെയ്യുന്നു. ഇപ്രകാരം അവന്റെ സന്നിധിയിൽ വീമ്പിളക്കുകയും പൊങ്ങച്ചം കാണിക്കുകയും ചെയ്യുന്നു. ഇയ്യാക്ക നഅ്ബുദു എന്നതിന്റെ പൊരുളിൽനിന്ന് ദൂരത്തുപോയി കിടക്കുന്നു. അതനുസരിച്ച് പ്രവൃത്തിക്കുന്നില്ല. ഇയ്യാക്ക നസ്തയീൻ എന്നതിന്റെ പ്രകടനമുണ്ടാകണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. ഇത് ഉചിതമല്ല. സാധ്യമാകുന്നിടത്തോളം, കഴിയുന്നിടത്തോളം മാർഗങ്ങളെ അവലംബമാക്കുക. പക്ഷേ, ആ മാർഗങ്ങൾ തങ്ങളുടെ ദൈവവും ബുദ്ധിമുട്ടുകൾ അകറ്റുന്നവയുമാണെന്ന് പറയരുത്. പ്രത്യുത പ്രയോജനപ്പെടുത്തിയതിനുശേഷം അല്ലാഹുവിൽ ഭരമേല്പിക്കുക. തനിക്കു ആ കഴിവുകളും ശക്തികളും നല്കിയത് അല്ലാഹുവാണെന്ന് വിശ്വസിച്ച് ശുക്റിന്റെ സുജൂദുകൾ ചെയ്യുക.*(മൽഫൂദാത്ത് വാള്യം 1, പേജ് 333, പ്രസാധനം 2018 ഖാദിയാൻ)*

**ജന്നത്ത് മടിയന്മാരുടെ സത്രമല്ല. പ്രത്യുത അതിൽ താമസിക്കുന്നവരും ജോലിയെടുക്കുന്നതായിരിക്കും. കാരണം ജോലിയെടുക്കേണ്ടിയില്ലായിരുന്നെങ്കിൽ ക്ഷീണമുണ്ടാകുകയില്ലെന്ന് പറയേണ്ട ആവശ്യമെന്താണ്? ജന്നത്തിന്റെ മുഴുവൻ സ്വാദും വികാരേച്ഛകളുടെ വടംവലിയിൽനിന്ന് സ്വതന്ത്രനായി മനുഷ്യൻ തന്റെ ആരാധനകളിൽ സുഖംമാത്രം അനുഭവിക്കുന്നതിലായിരിക്കും.**

സൂറത്തുൽ ഹിജ്റിന്റെ 49-ാം വചനമായ ലാ യമസ്സുഹും ഫീഹാ നസ്വബുൻ വ്വമാഹും മ്മിൻഹാ ബി മുഖ്റജീൻ (അവിടെ അവരെ ക്ഷീണം സ്പർശിക്കുകയില്ല. അവർ അവിടെനിന്ന് പുറത്താക്കപ്പെടുന്നവരുമല്ല)എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: പറഞ്ഞു: 'അവർക്ക് സ്വർഗത്തിൽ ഒരുതരത്തിലുള്ള ക്ഷീണവുമുണ്ടാകുകയില്ല. അതിൽനിന്ന് അവർ പുറത്താക്കപ്പെടുകയുമില്ല. സ്വർഗത്തിലും മനുഷ്യൻ ജോലി ചെയ്യുമെന്നാണ് ഇതിൽ പറയപ്പെട്ടിരിക്കുന്നത്. പക്ഷേ, വ്യത്യാസമെന്നു പറയുന്നത് അവിടെ ഫനാ അഥവാ നാശം ഉണ്ടാകുകയില്ല. കാരണം ഫനായുടെ അടയാളമാണ് ക്ഷീണം. ക്ഷീണത്തിന്റെ അർഥംതന്നെ മനുഷ്യന്റെ ശരീരത്തിൽനിന്ന് കുറച്ച് അണുക്കൾ കൊഴുപ്പ് അല്ലെങ്കിൽ ഏതെങ്കിലും ഫലപ്രദമായ ഭാഗം പുറത്തുപോയി എന്നാണ്. ക്ഷീണം ജോലി ഉപേക്ഷിക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള പ്രകൃതിയുടെ വിവരം നല്കലാണ്;അല്ലെങ്കിൽ ആഹാരം കഴിക്കാനുള്ള അറിയിപ്പാണ്. കൈയുടെ ഒരു ചലനത്തിൽ മനുഷ്യശരീരത്തിലെ മില്യൺക്കണക്കിന് സെല്ലുകൾ നഷ്ടപ്പെട്ടുപോകുന്നതായി ഞാൻ ഒരു വൈദ്യഗ്രന്ഥത്തിൽ വായിച്ചിട്ടുണ്ട്. കുറച്ചുനേരം ജോലി ചെയ്തതിനുശേഷം ക്ഷീണം തോന്നുമ്പോൾ ശരീരത്തിൽനിന്ന് ഒരുപാടു ശക്തി നഷ്ടപ്പെട്ടു കഴിഞ്ഞുവെന്നതിന്റെ അടയാളമാണത്. ഇനി ആ നഷ്ടം ദൂരീകരിക്കുക. അതിനാൽ ക്ഷീണം ഫനായുടെ അടയാളമാണ്. അവിടെ ക്ഷീണമുണ്ടാകുകയില്ലെന്ന് പറഞ്ഞുകൊണ്ട് ശരീരത്തിന്റെ ദഹനമുണ്ടായിരിക്കുകയില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. ഇനി ദഹനമെന്ന നിലയിലുള്ള ഭക്ഷണത്തിന്റെ അവിടുത്തെ ജോലി ദഹിച്ചുപോയതിനെ വീണ്ടും സ്ഥാപിക്കുക എന്നതായിരിക്കുകയില്ലെന്നതും മനസ്സിലാകുന്നുണ്ട്. പ്രത്യുത കൂടുതൽ ശക്തി പകരുക എന്ന ജോലിയായിരിക്കും. അതായത് ആ ജീവിതത്തിൽ ഒരുവിധത്തിലും ചുവടു പിന്നോട്ടുപോകുകയില്ല, മറിച്ച് മുന്നോട്ടു തന്നെ പോകുന്നതായിരിക്കും.

കാരണം ഈ ക്ഷീണത്തിന്റെ രൂപത്തിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന താൽക്കാലികമായ മൃത്യുവിന്റെ ഫലമായി മനുഷ്യന് മരണം വരുന്നു. എന്തുകൊണ്ടെന്നാൽ പതുക്കെപ്പതുക്കെ ശരീരത്തിന്റെ ശക്തികൾ നഷ്ടപ്പെട്ടുപോകുന്നു. ജന്നത്തിൽ ഇത്തരത്തിലുള്ള നഷ്ടമുണ്ടാകുകയില്ലെന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് അവർ

ശേഷം പേജ് 12 ൽ


ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**


**ഈ ലക്കത്തിൽ**


ജുമുഅ ഖുത്ബ 17-9-2021 സമ്പൂർണ പരിഭാഷ

അമീറുൽമുഅ്മിനീന്റെ യൂറോപ്യൻ പര്യടന റിപ്പോർട്ട്



AHMADIPEDIA ahmadipedia.org Search



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**അല്ലാഹു മുസ്‌ലിമീങ്ങൾക്ക് ഈ സുപ്രധാനയുദ്ധത്തിൽ മഹത്തായ വിജയം നല്കി ആശ്ലേഷിച്ചു.**

**യർമൂക് യുദ്ധത്തിലെ മഹത്തായ സംഭവങ്ങളുടെ ഈമാൻവർധക വിശദീകരണം**

# നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച

**ഖുത്ബ ജുമുഅ 2021 സെപ്റ്റംബർ 17/1400 തബൂക് 17,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിലുള്ള സംഭവങ്ങളെ കുറിച്ചാണ് വിവരിച്ചു വരുന്നത്. ഇന്ന് യർമൂക് യുദ്ധത്തെ കുറിച്ച് വിവരിക്കുന്നതായിരിക്കും. യർമൂക് യുദ്ധം നടന്ന വർഷത്തെ കുറിച്ച് വ്യത്യസ്ത നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. ഹിജ്റ 15-ലാണ് ഈ യുദ്ധം നടന്നതെന്ന് ഒരു നിവേദനത്തിലുണ്ട്. ചിലരുടെ അഭിപ്രായത്തിൽ ഡമാസ്കസ് വിജയത്തിനുമുമ്പേ ഹിജ്റ 13-ലാണ് ഇതു നടന്നത്. ഒരു നിവേദന പ്രകാരം ഹദ്റത്ത് ഉമറിന് ഏറ്റവുമാദ്യം യുദ്ധവിജയത്തെ കുറിച്ചുള്ള സുവാർത്ത ലഭിച്ചത് ഈ യുദ്ധത്തിലാണ്. ആ സമയത്ത് ഹദ്റത്ത് അബൂബക്ർ(റ) വഫാത്തായി 20 ദിവസം പിന്നിട്ടിരുന്നു. ചിലരുടെ അഭിപ്രായത്തിൽ ഏറ്റവുമാദ്യം വിജയ സുവാർത്ത ലഭിച്ചത് ഡമാസ്കസ് വിജയത്തെ കുറിച്ചാണ്. *(താരീഖുൽ ദിമിശ്ഖുൽ കബീർ ലി ഇബ്നി അസാകിർ, ഭാഗം 2, പേജ് 141 -13, ദാറുൽ ഫിക്ർ ബെയ്റൂത്ത് 1995)* പക്ഷേ, എന്തായാലും ഡമാസ്കസ് വിജയത്തിന്റെ സുവർത്തയെ കുറിച്ചുള്ള നിവേദനമാണ് കൂടുതൽ ശരിയായി തോന്നുന്നത്. അതാണ് ആദ്യം നടന്നത്. യർമൂക് യുദ്ധം ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽത്തന്നെ അരങ്ങേറിയെന്നാണ് സാക്ഷ്യങ്ങളിൽനിന്ന് മനസ്സിലാകുന്നത്. റോമക്കാർ യുദ്ധ പരാജയം നേരിട്ട് ഡമാസ്കസ്, ഖിംസ് തുടങ്ങിയ സ്ഥലങ്ങളിൽനിന്നു പുറപ്പെട്ട് അൻത്വാക്കിയായിലെത്തി. അൻത്വാക്കിയ സിറിയയുടെ അതിർത്തി നഗരമാണ്. അറബികൾ സിറിയ തകർത്തുവെന്ന് ഹിർഖലിനോട് ആളുകൾ പരാതി പറഞ്ഞു. ഹിർഖൽ ഏതാനും ബുദ്ധിമാന്മാരും പ്രമാണിമാരുമായ ആളുകളെ തന്റെ രാജസദസ്സിലേക്ക് വിളിപ്പിച്ചു. അവരോട് പറഞ്ഞു: 'ശക്തിയിലും അംഗബലത്തിലും സാധന സാമഗ്രികളിലും നിങ്ങൾ അറബികളെക്കാൾ വളരെ മുന്നിലാണ്. എന്നിട്ടും എന്തുകൊണ്ട് നിങ്ങൾക്ക് അവരെ നേരിടാൻ സാധിക്കുന്നില്ല. അവർക്കെതിരെ എന്തുകൊണ്ട് പൊരുതാൻ കഴിയുന്നില്ല. അതുകേട്ട് അവരെല്ലാവരും ലജ്ജിതരായി തലതാഴ്ത്തിയിരുന്നു. മറുപടിയൊന്നും പറഞ്ഞില്ല. എന്നാൽ, അവരിൽ ഒരു പരിചയസമ്പന്നനായ വൃദ്ധൻ ഇപ്രകാരം പറഞ്ഞു: 'അറബികളുടെ ധാർമികഗുണങ്ങൾ നമ്മളെക്കാൾ എത്രയോ നല്ലതാണ്. അവർ രാത്രികാലങ്ങളിൽ ആരാധനകളിൽ മുഴുകുന്നു. പകൽ നോമ്പ് നോക്കുന്നു. ആർക്കുമേലും അന്യായം പ്രവർത്തിക്കുന്നില്ല. പരസ്പരം സമത്വഭാവനയോടെ പെരുമാറുന്നു. എന്നാൽ, നമ്മളോ, മദ്യപിക്കുന്നു, ദുഷ്കൃത്യങ്ങൾ ചെയ്യുന്നു, വാക്ക് പാലിക്കുന്നില്ല. അന്യർക്കുമേൽ അന്യായം ചെയ്യുന്നു. ഫലത്തിൽ അവരുടെ പ്രവർത്തനങ്ങളിൽ ആവേശവും സ്ഥൈര്യവും കാണാം. എന്നാൽ, നമ്മുടെ പ്രവർത്തനങ്ങളിൽ ധൈര്യവും സ്ഥൈര്യവുമില്ല തന്നെ.'

ഖയ്സർ യഥാർഥത്തിൽ സിറിയയിൽനിന്നു പോകാനുദ്ദേശിച്ചുകഴിഞ്ഞിരുന്നതാണ്. പക്ഷേ, എല്ലാ പട്ടണങ്ങളിൽനിന്നും എല്ലാ ജില്ലകളിൽനിന്നും ക്രിസ്ത്യാനികൾ കൂട്ടംകൂട്ടമായി ആവലാതിയുമായി വന്നു. ഖയ്സറിന് (സീസറിന്) ശക്തമായ അഭിമാനബോധമുണ്ടായി. തന്റെ സാമ്രാജ്യത്വ ശക്തി മുഴുവനും അറബികളെ നേരിടാൻ വിനിയോഗിക്കണമെന്ന് അയാൾ ഉറപ്പിച്ചു. റോം, ഖുസ്ത്വൻത്വീനിയ, അർമീനിയ ദ്വീപ് എന്നിവടങ്ങളിൽനിന്നെല്ലാം ഒരു നിശ്ചിത തിയതിക്ക് എല്ലാ സൈന്യങ്ങളും അൻത്വാക്കിയയിൽ ഹാജരാകണമെന്ന് കല്പന പുറപ്പെടുവിച്ചു. എല്ലാ ജില്ലകളിലെയും ഓഫീസർമാരോട് കഴിയുന്നത്ര ആളുകളെ എല്ലാ ഭാഗത്തുനിന്നും അങ്ങോട്ടയക്കണമെന്ന് എഴുതി അറിയിച്ചു. ആ ഉത്തരവ് ലഭിച്ചതും സൈന്യങ്ങളുടെ ഒരു കൊടുങ്കാറ്റുതന്നെ ആഞ്ഞു വീശി. അൻത്വാക്കിയയിൽ നാലുഭാഗത്തും പട്ടാളക്കാരെ കണ്ണെത്താദൂരംവരെ വിന്യസിച്ചിരുന്നു. വൻസൈന്യ സന്നാഹങ്ങളായിരുന്നു.

ഹദ്റത്ത് അബൂഉബയ്ദ(റ)വിജയിച്ചടക്കിയ പ്രദേശങ്ങളിലെ എല്ലാ അമീറുമാരും നേതാക്കന്മാരും അദ്ദേഹത്തിന്റെ നീതിന്യായങ്ങളിൽ വളരെയധികം പ്രഭാവിതരാവുകയും മതപരമായ ഭിന്നത ഉണ്ടായിട്ടു കൂടി മുസ്‌ലിമീങ്ങളുടെ ശത്രുക്കളെ കുറിച്ചുള്ള വാർത്ത കൊണ്ടുവരാനായി അവർതന്നെ ചാരന്മാരെ നിശ്ചയിക്കുകയും ചെയ്തിരുന്നു. അങ്ങനെ അവർ മുഖേന ഹദ്റത്ത് അബൂഉബയ്ദക്ക് സ്ഥിതിഗതികളെ കുറിച്ചുള്ള വിവരം ലഭിച്ചുകൊണ്ടിരുന്നു. അദ്ദേഹം ഓഫീസർമാരെ ഒരുമിച്ചുകൂട്ടി അവർക്കിടയിൽ ഒരു പ്രഭാവം ചെലുത്തുന്ന പ്രഭാഷണം നടത്തുകയുണ്ടായി. അതിന്റെ ചുരുക്കം ഇപ്രകാരമായിരുന്നു: 'അല്ലയോ മുസ്‌ലിമീങ്ങളേ! അല്ലാഹു നിങ്ങളെ അടിക്കടി പരീക്ഷിച്ചു. നിങ്ങൾ ആ പരീക്ഷണങ്ങളിൽ വിജയിച്ചു. അതിന് പ്രതിഫലം എന്നോണം അല്ലാഹു നിങ്ങളെ എപ്പോഴും വിജയശ്രീലാളിതരാക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ശത്രുക്കൾ നിങ്ങളെ എതിരിടാൻ യുദ്ധക്കോപ്പുകളുമായി വന്നിട്ടുള്ളതുകാരണം ഭൂമി പ്രകമ്പനം കൊണ്ടിരിക്കുകയാണ്. പറയൂ, ഇനി എന്താണ് പ്രധിവിധി?' യസീദ് ബിൻ അബി സുഫിയാൻ, അതായത് അമീർ മുആവിയയുടെ സഹോദരൻ എഴുന്നേറ്റുനിന്നു പറഞ്ഞു: 'സ്ത്രീകളേയും കുട്ടികളേയും പട്ടണത്തിൽത്തന്നെ നിറുത്തിക്കൊണ്ട് നമ്മൾ പട്ടണത്തിന് പുറത്ത് സൈനിക താവളം അടിക്കണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെ ഖാലിദിനും അംറ് ബിൻ ആസ്വിനും ഡമാസ്കസിൽനിന്നും ഫലസ്തീനിൽനിന്നും സഹായവുമായി എത്താൻ എഴുതി അറിയിക്കുയും വേണം.' ഡമാസ്കസ് വിജയമാണ് ആദ്യം നടന്നതെന്ന് ഇവിടെയും തെളിയുന്നുണ്ട്. ശുറഹബീൽ ബിൻ ഹസന പറഞ്ഞു: 'ഇവിടെ എല്ലാവരും സ്വതന്ത്രമായ നിലയിൽ തങ്ങളുടെ അഭിപ്രായം അറിയിക്കേണ്ടതുണ്ട്. യസീദ് നന്മ ഉദ്ദേശിച്ച് തന്നെയാണ് അഭിപ്രായം പറഞ്ഞിട്ടുള്ളത് എന്നതിൽ സംശയമില്ല. എന്നാൽ, ഞാൻ അതിനെതിരാണ്. നഗരവാസികളെല്ലാവരും ക്രിസ്ത്യാനികളാണ്. അവർ മതവിദ്വേഷം കാരണം നമ്മുടെ ഭാര്യമാരേയും കുഞ്ഞുങ്ങളേയും പിടികൂടി സീസറിനെ ഏൽപിക്കുകയോ വധിക്കുകയോ ചെയ്യാൻ സാധ്യതയുണ്ട്. ഇവർക്കെതിരിൽ അവർതന്നെ തിരിയാനുംമതി. ഹദ്റത്ത് അബൂഉബയ്ദ പറഞ്ഞു: 'നമ്മൾ ക്രിസ്ത്യാനികളെ നഗരത്തിൽനിന്നു പുറത്താക്കിയാൽ നമ്മുടെ ഭാര്യാമക്കൾ സുരക്ഷിതരാകുമെന്നാണ് ഇയാൾ പറഞ്ഞതിന്റെ ഉദ്ദേശ്യം.' അപ്പോൾ ശുറഹബീൽ എഴുന്നേറ്റുനിന്നു പറഞ്ഞു: 'അല്ലയോ അമീർ, താങ്കൾക്ക് ഒരിക്കലും അതിനുള്ള അവകാശമില്ല, കാരണം ഈ പട്ടണത്തിൽ ശാന്തിയോടെ താമസിക്കാം എന്ന ഉറപ്പിന്മേലാണ് നമ്മൾ ക്രിസ്ത്യാനികൾക്ക് അഭയം നൽകിയിട്ടുള്ളത്. അതുകൊണ്ടുതന്നെ

വാഗ്ദാനലംഘനം അരുതാത്തതാണ്. നമ്മൾ അങ്ങനെ ഒരു വാഗ്ദാനം ചെയ്തിരിക്കെ അതെങ്ങനെ ലംഘിക്കാനാകും. അവരെ എങ്ങനെ നാടുകടത്താനാകും.' ഹദ്റത്ത് അബൂഉബയ്ദ(റ)തന്റെ തെറ്റു സമ്മതിച്ചു. എന്നാൽ, എന്താണ് ചെയ്യേണ്ടതെന്ന വിഷയത്തിൽ ഒരു തീരുമാനത്തിലെത്താനായില്ല. സാധാരണക്കാർ അഭിപ്രായപ്പെട്ടത് ഖിംസിൽതന്നെ തങ്ങിക്കൊണ്ട് സൈനീക സഹായത്തിനുവേണ്ടി കാത്തിരിക്കാമെന്നാണ്. അബൂഉബയ്ദ പറഞ്ഞു: 'അതിനുമാത്രം സമയം എവിടെ?' അവസാനം ഖിംസ് ഉപേക്ഷിച്ച് ഡമാസ്കസിലേക്ക് പുറപ്പെടാം എന്ന അഭിപ്രായം അംഗീകരിക്കപ്പെട്ടു. അവിടെ ഖാലിദ് ഉണ്ടായിരുന്നു. അറേബ്യയുടെ അതിർത്തിയും അടുത്തായിരുന്നു. ആ തീരുമാനം ഉറച്ചപ്പോൾ ഖജനാവിന്റെ മേൽനോട്ടം വഹിച്ചിരുന്ന ഹബീബ് ബിൻ മസ്ലമയെ ഹദ്റത്ത് അബൂഉബയ്ദ വിളിപ്പിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു: 'ക്രിസ്ത്യാനികളിൽ നിന്നു പിരിച്ചിട്ടുള്ള കരം, നികുതി എന്നിവ അവരുടെ സംരക്ഷണച്ചുമതല നമ്മൾ ഏറ്റെടുക്കുമെന്ന നിബന്ധനയോടെ ഉള്ളതായിരുന്നു. ഇപ്പോൾ നമ്മുടെ അവസ്ഥ വളരെ ഗുരുതരമാണ്. ഇപ്പോൾ നമുക്ക് അവരെ സംരക്ഷിക്കാനാകില്ല. അവരുടെ ഉന്നമനത്തിനും സംരക്ഷണത്തിനും വേണ്ടിയായിരുന്നു നമ്മളത് കൈപറ്റിയിരുന്നത്. എന്നാൽ, ഇപ്പോൾ നമുക്കത് ചെയ്യാൻ സാധിക്കില്ല. അതുകൊണ്ട് അവരിൽനിന്നു പിരിച്ചത് സർവ്വതും അവർക്ക് മടക്കി നൽകുക. എന്നിട്ടവരോട് ഇങ്ങനെ പറയുക: 'നിങ്ങളുമായി ഞങ്ങൾക്കുള്ള ബന്ധം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. എന്നാൽ, ഇപ്പോൾ നിങ്ങളുടെ സംരക്ഷണച്ചുമതല ഏറ്റെടുക്കാൻ ഞങ്ങൾക്ക് സാധിക്കുകയില്ല. അതുകൊണ്ടുതന്നെ സംരക്ഷണത്തിന് ബദലായ കരം നിങ്ങൾക്കു തിരിച്ചു നൽകുകയാണ്.

അങ്ങനെ പിരിക്കപ്പെട്ട ലക്ഷക്കണക്കിന് തുകയെല്ലാം തിരിച്ചു നൽകി. ക്രിസ്ത്യാനികളിൽ ആ സംഭവം എത്രത്തോളം സ്വാധീനം ചെലുത്തിയെന്നാൽ അവർ കരഞ്ഞു നടക്കുകയും വളരെ ആവേശത്തോടുകൂടി ദൈവം നിങ്ങളെ തിരിച്ചു കൊണ്ടുവരുമെന്ന് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു. ജൂതന്മാരുടെമേലും അത് വളരെയധികം പ്രഭാവം ചെലുത്തി. അവർ പറഞ്ഞു: 'തൗറാത്തിനെ തൊട്ടു സത്യം! ഞങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം ഖിംസിൽ സീസറിന് അധികാരം നേടാൻ ആകുന്നതല്ല. ഇതുപറഞ്ഞ് അവർ നഗരവാതിലുകൾ കൊട്ടിയടക്കുകയും എല്ലായിടത്തും ചെക്കുപോസ്റ്റുകളും കാവലും ഏർപ്പെടുത്തുകയും ചെയ്തു. അബൂഉബയ്ദ ഖിംസുകാരോട് മാത്രമായിരുന്നില്ല അങ്ങനെ പെരുമാറിയിരുന്നത്. മറിച്ച് പിരിച്ചെടുത്ത കരത്തിന്റെ സംഖ്യ മുഴുവനും തിരിച്ചു കൊടുക്കണമെന്ന് അദ്ദേഹം ജയിച്ചടക്കിയ ജില്ലകളിലൊക്കെ എഴുതി അറിയിക്കുകയും ചെയ്തു. ചുരുക്കത്തിൽ അബൂഉബയ്ദ ഡമാസ്കസിലേക്ക് പുറപ്പെടുകയും എല്ലാ കാര്യങ്ങളും ഹദ്റത്ത് ഉമറിനെ അറിയിക്കുകയും ചെയ്തു.

മുസ്ലിമീങ്ങൾ റോമക്കാരെ ഭയന്ന് ഖിംസിലേക്ക് പോയി എന്നറിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ അതീവ ദുഃഖിതനായി. എന്നാൽ, മുഴുസൈന്യവും സൈനിക നേതാക്കളും ചേർന്നെടുത്ത തീരുമാനത്തെ കുറിച്ച് അറിഞ്ഞപ്പോൾ അദ്ദേഹത്തിന് ആശ്വാസം ലഭിച്ചു. അപ്പോൾ പറഞ്ഞു: 'അല്ലാഹു ഏതെങ്കിലും യുക്തിയുടെ അടിസ്ഥാനത്തിൽ മുസ്ലിമീങ്ങളെ എല്ലാവരെയും ഒരഭിപ്രായത്തിൽ ഏകോപിപ്പിച്ചിരിക്കുകയാണ്.' ഇങ്ങനെയും ഒരു റഫറൻസ് ലഭിക്കുന്നുണ്ട്. ഇക്കാര്യത്തെ കുറിച്ച് ആദ്യം ഹദ്റത്ത് ഉമറിനോട് ചോദിച്ചിരുന്നു. അപ്പോൾ, നിങ്ങൾക്ക് അവരെ സംരക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾ അവരിൽനിന്നു കൈപ്പറ്റിയ കരവും മറ്റും പൂർണമായും അവരെ തിരിച്ചേൽപ്പിക്കുകയെന്ന് അദ്ദേഹം പറഞ്ഞിരുന്നു. ഹദ്റത്ത് ഉമർ ഹദ്റത്ത് അബൂഉബയ്ദക്ക് ഇപ്രകാരം മറുപടിക്കത്തെഴുതി. സയീദ് ബിൻ ആമിറിനെ സഹായത്തിന് ഞാൻ അയക്കുന്നതാണ്. എന്നാൽ, യുദ്ധത്തിന്റെ ജയപരാജയങ്ങൾ സൈന്യത്തിന്റെ അംഗബലത്തെ അടിസ്ഥാനപ്പെടുത്തിയല്ല സംഭവിക്കുന്നത്. അബൂഉബയ്ദ ഡമാസ്കസിലെത്തി എല്ലാ ഓഫീസർമാരെയും ഒരുമിച്ചുകൂട്ടി അവരുമായി കൂടിയാലോചന നടത്തി. യസീദ് ബിൻ അബീ സുഫിയാൻ, ശുറഹബീൽ ബിൻ ഹസന, മുആദ് ബിൻ ജബൽ എന്നിവരുടെയെല്ലാം അഭിപ്രായങ്ങൾ വ്യത്യസ്തമായിരുന്നു. ആ ഇടവേളയിൽ അംറ് ബിൻ ആസിന്റെ സന്ദേശ വാഹകൻ കത്തുമായെത്തി. അതിന്റെ ഉള്ളടക്കം ഇപ്രകാരമായിരുന്നു: 'ജോർദാന്റെ ജില്ലകളിൽ പൊതുപ്രക്ഷോഭം പൊട്ടിപുറപ്പെട്ടിരിക്കയാണ്. റോമക്കാരുടെ ശക്തമായ വരവ് ഒരു കോളിളക്കം സൃഷ്ടിച്ചിരിക്കുകയാണ്. ഖിംസ് വിട്ടുപോയ കാരണത്താൽ അവർ നിർഭയരായിരിക്കുകയാണ്.' അബൂഉബയ്ദ അതിന് മറുപടിയായി ഇപ്രകാരം എഴുതി: 'ഖിംസിനെ ഞങ്ങൾ ഭയം കൊണ്ടല്ല ഉപേക്ഷിച്ചത്. പ്രത്യുത ശത്രുക്കൾ സുരക്ഷിത സങ്കേതങ്ങളിൽനിന്നു പുറത്തുവരാനും പലയിടങ്ങളിലായി വ്യാപിച്ചിരുന്ന ഇസ്ലാമിക സൈന്യങ്ങളെ ഒരുമിച്ചുകൂട്ടാനും വേണ്ടിയായിരുന്നു.' ഇങ്ങനെയും കത്തിൽ അദ്ദേഹം എഴുതി: 'നിങ്ങൾ സ്വന്തം സ്ഥാനത്തുനിന്നു മാറരുത്. ഞങ്ങൾ അവിടെ വന്നു നിങ്ങളുമായി ചേരുന്നതാണ്.' രണ്ടാം ദിവസം അബൂഉബയ്ദ ഡമാസ്കസിൽനിന്നു പുറപ്പെട്ടു. ജോർദാന്റെ അതിർത്തിയിലുള്ള യർമൂക്കിൽച്ചെന്ന് തമ്പടിച്ചു. ജോർദാൻ നദി ഒഴുകുന്ന സിറിയയുടെ പ്രാന്തത്തിലുള്ള താഴ്വരയായിരുന്നു യർമൂക്ക്. അംറ് ബിൻ ആസ്വും അവിടെ വന്നുചേർന്നു. അറേബ്യയുടെ അതിർത്തി മറ്റു പ്രദശങ്ങളെ അപേക്ഷിച്ച് അതുമായി സമീപത്തുള്ളതും യുദ്ധാവശ്യാർഥം അത് ഉചിതമായ സന്ദർഭവുമായിരുന്നു. അതുപോലെ പിറകുവശത്ത് അറേബ്യയുടെ അതിർത്തിവരെ തുറന്ന മൈതാനവുമുണ്ടായിരുന്നു. ആവശ്യാനുസരണം എത്ര വേണമെങ്കിലും പിറകോട്ടു നീങ്ങാൻ അത് സൗകര്യപ്രദവുമായിരുന്നു.

ഹദ്റത്ത് ഉമർ(റ)സയീദ് ബിൻ ആമിറിനൊപ്പം അയച്ച സൈന്യം അവിടെ അതുവരെ എത്തിയിട്ടുണ്ടായിരുന്നില്ല. മറുവശത്ത് റോമക്കാരുടെ വരവും അവരുടെ സാധനസാമഗ്രികളെ കുറിച്ചുള്ള വിവരണവും കേട്ട് മുസ്ലിമീങ്ങൾ പരിഭ്രമിച്ചിരുന്നു. അബൂഉബയ്ദ(റ), ഹദ്റത്ത് ഉമറിന്റെ അടുത്ത് മറ്റൊരു സന്ദേശ വാഹകനെയും അയച്ച് ഇങ്ങനെ എഴുതി അറിയിച്ചു:'റോമക്കാർ കരയിൽനിന്നും കടലിൽനിന്നുമെല്ലാം ഉയർന്നു പൊങ്ങിയിരിക്കുകയാണ്. എത്രത്തോളം അവർ ആവേശഭരിതരാണെന്നാൽ ആ സൈന്യം യാത്ര ചെയ്യുന്ന വഴിയിലുള്ള പുരോഹിതന്മാരും സന്യാസി മഠങ്ങളിലുള്ളവരും ഇതുവരേക്കും പുറം ലോകത്തേക്കുകാലു വെക്കാത്തവർപോലും അവരുടെ സൈന്യത്തിൽച്ചെന്ന് ചേരുകയാണ്.' ഈ കത്ത് ലഭിച്ചപ്പോൾ ഹദ്റത്ത് ഉമർ മുഹാജിരീങ്ങളെയും അൻസ്വാറിനേയും ഒരുമിച്ചുകൂട്ടുകയും അവർക്ക് കത്ത് വായിച്ച് കേൾപ്പിക്കുകയും ചെയ്തു. അതുകേട്ട് സ്വഹാബാക്കൾ അനിയന്ത്രിതമായി കരയാൻ തുടങ്ങി. അതുപോലെ വളരെ ആവേശത്തോടെ ഉറക്കെ 'അല്ലയോ അമീറുൽ മുഅ്മിനീൻ! അല്ലാഹുവിനെ ഓർത്ത് ഞങ്ങൾക്ക് ഞങ്ങളുടെ സഹോദരന്മാർക്കുവേണ്ടി ജീവാർപ്പണം നടത്താൻ അനുവാദം നൽകണം' എന്ന് പറയാനും തുടങ്ങി. അവർക്ക് വല്ല അപകടവും പിണഞ്ഞാൽ, ഞങ്ങൾ ജീവിച്ചിരിക്കുന്നതിൽ അർഥമില്ലെന്നും അവർ പറഞ്ഞു. മുഹാജിരീങ്ങളുടെയും അൻസ്വാറിന്റേയും ആവേശം കൂടിക്കൊണ്ടേയിരുന്നു. എത്രയെന്നാൽ അബ്ദുർറഹ്മാൻ ബിൻ ഔഫ് ഇപ്രകാരവും പറയുകയുണ്ടായി: 'അല്ലയോ അമീറുൽമുഅ്മിനീൻ! അങ്ങ് സ്വയം സൈന്യാധിപനാവുകയും ഞങ്ങളെ കൂടെകൊണ്ടുപോവുകയും ചെയ്യുക.' എന്നാൽ, മറ്റു സ്വഹാബാക്കൾ ആ അഭിപ്രായത്തെ എതിർത്തു. പോഷക സൈന്യങ്ങളെ അയക്കാം എന്ന് തീരുമാനിക്കപ്പെട്ടു. ഹദ്റത്ത് ഉമർ ആ സന്ദേശവാഹകനോട് ശത്രുക്കൾ എവിടെവരെയെത്തി എന്ന് ചോദിച്ചു. അയാൾ പറഞ്ഞു : 'വെറും മൂന്നോ നാലോ സങ്കേതങ്ങൾ താണ്ടേണ്ട ദൂരം മാത്രമേ ബാക്കിയുള്ളു.' ഹദ്റത്ത് ഉമർ വളരെ ദുഖിതനാവുകയും അഹോ കഷ്ടം! അത്രയും സമയത്തിനുള്ളിൽ എങ്ങനെ സഹായം എത്താനാണെന്ന് പറയുകയും ചെയ്തു. എന്നിട്ട് അദ്ദേഹം അബൂഉബയ്ദയുടെ പേരിൽ വളരെ പ്രഭാവം ചെലുത്തുന്ന വാക്കുകളാൽ ഒരു കത്തെഴുതി. എന്നിട്ട് ഓരോരോ അണിയുടെയും മുന്നിൽച്ചെന്ന് ആ കത്ത് നേരിട്ട് വായിച്ചുകേൾപ്പിക്കണമെന്നും ആ സന്ദേശവാഹകനോട് പറഞ്ഞു. ഉമർ നിങ്ങളോട് സലാം പറയുന്നെന്നും അല്ലയോ മുസ്ലിമീങ്ങളേ! നിങ്ങൾ സധൈര്യം പൊരുതുകയെന്നും നിങ്ങളുടെ ശത്രുക്കളുടെമേൽ സിംഹങ്ങളെപോലെ ചാടിവീഴണമെന്നും വാളുകൾകൊണ്ട് അവരുടെ തലയോട്ടികൾ വെട്ടണമെന്നും അവരെ നിങ്ങൾക്ക് മുമ്പിൽ ഉറുമ്പുകളെക്കാളും നിസാരരായി കാണണമെന്നും അതുപോലെ അവരുടെ ബാഹുല്യം കണ്ട് നിങ്ങൾ ഭയക്കരുതെന്നും നിങ്ങളുമായി ഇതുവരെ കൂടിച്ചേരാത്ത പടയാളികളെക്കുറിച്ച് ഓർത്ത് വിഷമിക്കരുതെന്നും ഓരോ അണിയിലുംചെന്ന് ഇതെല്ലാം കേൾപ്പിക്കണമെന്നും പറഞ്ഞേൽപിച്ചു. വളരെ യാദൃച്ഛികമെന്ന് പറയട്ടെ, ആ സന്ദേശവാഹകൻ ഹദ്റത്ത് അബൂ ഉബയ്ദയുടെ അടുത്തെത്തിയ സമയത്തുതന്നെ സയീദ് ബിൻ ആമിർ ആയിരംപേരുമായി അവിടെ എത്തിച്ചേരുകയുണ്ടായി. അങ്ങനെ മുസ്ലിമീങ്ങൾ വളരെയധികം ശക്തി പ്രാപിച്ചു. അവർ അത്യധികം സ്ഥൈര്യത്തോടെ യുദ്ധ

ത്തിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി.

വലിയ സ്ഥാനമാനങ്ങളുണ്ടായിരുന്ന സ്വഹാബിയായിരുന്ന മുആദ് ബിൻ ജബലിനെ സൈന്യത്തിന്റെ വലതുപക്ഷത്തിന്റെ നേതൃത്വം ഏല്പിച്ചു. അതുപോലെ ഖുബാഥ് ബിൻ അശ്‌യമിനെ ഇടതു പക്ഷത്തിന്റേയും ഹാശിം ബിൻ ഉത്ബയെ കാലാൾപ്പടയുടെയും ഓഫീസർമാരാക്കി. എന്നിട്ട് തന്റെ കീഴിലുള്ള സൈന്യത്തെ നാലുഭാഗമായി തിരിച്ചു. അതിലൊരു ഭാഗത്തിന് സ്വയം മേൽന്നോട്ടം വഹിക്കുകയും മറ്റുള്ളവയുടെ നേതൃത്വം ഖയ്സ് ബിൻ ഹുബയ്റ, മയ്സറ ബിൻ മസ്റൂഖ്, അംറ് ബിൻ ത്വുഫയ്ൽ എന്നിവരെയും ഏൽപിച്ചു. ഈ മൂന്നുപേരും മുഴുവൻ അറേബ്യയിലും തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. അക്കാരണത്താൽത്തന്നെ അവർ 'ഫാരിസുൽ അറബ്'എന്ന് വിളിക്കപ്പെട്ടിരുന്നു. റോമക്കാരും വളരെയധികം യുദ്ധ സന്നാഹങ്ങളുമായിട്ടായിരുന്നു പുറപ്പെട്ടിരുന്നത്. അവർക്ക് രണ്ടു ലക്ഷത്തിലധികം അംഗബലം ഉണ്ടായിരുന്നു. ആകെ 24 അണികളുണ്ടായിരുന്നു. ഓരോന്നിനും മുന്നിൽ കുരിശുമേന്തി അവരുടെ മതനേതാക്കന്മാർ അവർക്ക് ആവേശം നൽകികൊണ്ട് വരുന്നുണ്ടായിരുന്നു.

ഇരു സൈന്യങ്ങളും മുഖാമുഖം വന്നപ്പോൾ അണി ഭേദിച്ചുകൊണ്ട് ഒരു 'ബിത്‌രീഖ്' മുന്നോട്ട് വന്നു. ക്രിസ്ത്യാനികളുടെ മതനേതാക്കന്മാരെയാണ് 'ബിത്‌രീഖ്'എന്ന് പറയുന്നത്. മയ്സറ ബിൻ മസ്റൂഖ് തന്റെ കുതിരയുമായി മുന്നോട്ടാഞ്ഞു. എന്നാൽ, എതിരാളി അരോഗദൃഢഗാത്രനും യുവാവുമായിരുന്നു. ഖാലിദ് തടയുകയും ഖയ്സ് ബിൻ ഹുബയ്റയുടെ നേരെ നോക്കുകയും ചെയ്തു. അദ്ദേഹം കവിത ചൊല്ലിക്കൊണ്ട് മുന്നോട്ട് വന്നു. 'ബിത്‌രീഖ്' തന്റെ ആയുധം ഉയർത്തിപ്പിടിക്കുന്നതിനു മുമ്പേതന്നെ ഖയ്സ് മിന്നലാക്രമണം നടത്തി. അദ്ദേഹത്തിന്റെ വാൾപയറ്റ് ലക്ഷ്യം കണ്ടു. വാൾ തലയിൽ തട്ടി തലയിൽ ധരിച്ചിരുന്ന കവചം ഭേദിച്ചു കഴുത്തിലേക്ക് ആഴ്ന്നിറങ്ങി. ശത്രു കുതിരയിൽനിന്നു തെറിച്ച് നിലത്തു വീണു. അപ്പോൾത്തന്നെ മുസ്‌ലിമീങ്ങൾ തക്ബീർ ധ്വനി മുഴക്കി. 'വളരെ നല്ല ലക്ഷണമാണെന്നും ഇനി അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ വിജയം നമ്മുടേതായിരിക്കുമെന്നും' ഖാലിദ് പറഞ്ഞു. ക്രിസ്ത്യാനികൾ ഖാലിദിന്റെ കൂടെയുള്ള സൈന്യാധിപന്മാരെ നേരിടാൻ വെവ്വേറേ സൈന്യങ്ങളെ അയച്ചെങ്കിലും എല്ലാവരും പരാജയം ഏറ്റുവാങ്ങി. അന്ന് ആ യുദ്ധം അവർക്ക് നീട്ടിവെക്കേണ്ടതായി വന്നു. തങ്ങൾ പരാജയപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന് റോമക്കാർ കണ്ടപ്പോൾ രാത്രിയിൽ റോമാക്കാരുടെ സർവ്വ സൈന്യാധിപനായ ബാഹാൻ സേനാനായകന്മാരെ വിളിച്ചുകൂട്ടി പറഞ്ഞു: 'അറബികൾക്ക് സിറിയയിൽനിന്നു ലഭിച്ച യുദ്ധമുതലിന്റെ രസം പിടിച്ചിരിക്കുകയാണ്. സ്വത്തും സമ്പത്തുംകൊണ്ട് പ്രലോഭനം നടത്തി അവരെ ഇവിടെനിന്നു പറഞ്ഞയക്കുകയും യുദ്ധം തുടരാതിരിക്കുകയുമാണ് ഉത്തമം.' എല്ലാവരും ആ അഭിപ്രായത്തിൽ ഒന്നിച്ചു. രണ്ടാം ദിവസം അവർ അബൂഉബയ്ദയുടെ അടുത്തേക്ക് ഏതെങ്കിലുമൊരു ആദരണീയനായ ഓഫീസറെ തങ്ങളുടെ അടുത്ത് അയക്കണമെന്നും അയാളുമായി തങ്ങൾ സന്ധിയെ കുറിച്ചു ചർച്ച നടത്താൻ ആഗ്രഹിക്കുന്നുവെന്നും പറഞ്ഞ് ഒരു ദൂതനെ അയച്ചു. അബൂഉബയ്ദ അതിന് ഖാലിദിനെയാണ് തിരഞ്ഞെടുത്തത്. ആ സന്ദേശ വാഹകന്റെ പേര് ജോർജ് എന്നായിരുന്നു. ഉർദു ചരിത്രകാരന്മാർ ജാർജ് എന്നാണ് എഴുതിയിട്ടുള്ളത്. എന്നാൽ, അറബി ഗ്രന്ഥങ്ങളിൽ ജർജത്തഃ എന്നാണ് പേര് വന്നിട്ടുള്ളത്. അറബി അറിയുന്നവർക്ക് വേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. എന്തായാലും അയാൾ എത്തിയപ്പോഴേക്കും സന്ധ്യയായിരുന്നു. അൽപ സമയത്തിനുശേഷം മഗ്‌രിബ് നമസ്കാരം തുടങ്ങി, മുസ്‌ലിമീങ്ങൾ വളരെ ആവേശത്തോടും ഉത്സാഹായത്തോടും തക്ബീക്ർ ചൊല്ലി കൈകെട്ടുകയും വളരെ ശാന്തിയോടും സമാധാനത്തോടും മര്യാദപാലിച്ചും ഉള്ളുരുക്കത്തോടും കൂടി നമസ്കരിക്കുകയും ചെയ്തു. അതു കണ്ട സന്ദേശ വാഹകൻ വളരെ അത്ഭുതത്തോടും താൽപര്യത്തോടും കൂടി അവിടെ നിന്നു. നമസ്കാരം അവസാനിച്ച ശേഷം അയാൾ അബൂഉബയ്ദയോട് ചില ചോദ്യങ്ങൾ ചോദിച്ചു. അതിലൊരു ചോദ്യം ഇങ്ങനെയായിരുന്നു: 'നിങ്ങൾ യേശുവിനെക്കുറിച്ച് എന്താണ് വിശ്വസിക്കുന്നത്? അപ്പോൾ അദ്ദേഹം ഖുർആനിലെ ഇപ്പറയുന്ന വചനങ്ങളോതി:

**ഇന്ന മഥല ഈസാ യിൻദല്ലാഹി കമഥലി ആദമ. ഖലഖഹൂ മിൻ തുറാബിൻ ഥുമ്മ ഖാല ലഹൂ കുൻ ഫയകൂൻ**(3:60)

**യാ അഹ്‌ലൽകിതാബി ലാ തഗ്‌ലൂ ഫീ ദീനിക്കും വലാ തഖൂലൂ അലല്ലാഹി ഇല്ലൽഹഖ്ഖ. ഇന്നമൽ മസീഹു ഈസബ്നുമർയമ റസൂലുല്ലാഹി വ കലിമത്തുഹൂ. അൽഖാഹാ ഇലാ മർയമ വ റൂഹുൻ മിൻഹു. ഫ ആമിനൂ ബില്ലാഹി വ റുസുലിഹീ. വലാ തഖൂലൂ ഥലാഥത്തുൻ. ഇൻതഹൂ ഖയ്റൻല്ലക്കും. ഇന്നമല്ലാഹു ഇലാഹുൻ വ്വാഹിദുൻ. സുബ്ഹാനഹൂ അൻയ്യകൂന ലഹൂ വലദുൻ. ലഹൂ മാഫിസ്സമാവാത്തി വമാ ഫിൽഅർളി. വകഫാ ബില്ലാഹി വക്കീലൻ. ലൻയ്യസ്തൻകിഫൽമസീഹു അൻയ്യകൂന അബ്ദൻലില്ലാഹ് വലൽമലാഇക്കത്തുൽ മുഖർറബൂൻ.**(4:172-173)

'നിശ്ചയമായും ഈസായുടെ ഉദാഹരണം അല്ലാഹുവിന്റെ പക്കൽ ആദമിന്റെ ഉദാഹരണം പോലെയാണ്. അവൻ അവനെ മണ്ണിൽനിന്ന് സൃഷ്ടിച്ചു. പിന്നീട്, ഉണ്ടാവുക എന്ന് അതിനോട് പറഞ്ഞു. അപ്പോൾ അതുണ്ടാകാൻ തുടങ്ങി.(ഉണ്ടായിത്തീരുകയും ചെയ്തു).

ഗ്രന്ഥാനുസാരികളേ! നിങ്ങൾ നിങ്ങളുടെ മതകാര്യത്തിൽ അമിതത്വം പ്രവർത്തിക്കരുത്. അല്ലാഹുവിനെ സംബന്ധിച്ച് സത്യമല്ലാതെ നിങ്ങൾ പറയുകയുമരുത്. നിശ്ചയമായും മർയമിന്റെ പുത്രൻ ഈസാമസീഹ് അല്ലാഹുവിന്റെ ദൂതനും മർയമിന് അവൻ ഇറക്കിക്കൊടുത്ത വചനത്തിന്റെ(സാക്ഷാത്കാരവും) അവന്റെ പക്കൽനിന്നുള്ള ഒരു കാരുണ്യവും മാത്രമാണ്. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുക. നിങ്ങൾ ദൈവം മൂന്നാണെന്ന് പറയരുത്. നിങ്ങൾ (അങ്ങനെ പറയുന്നതിൽനിന്ന്) വിരമിക്കുക. ഇത് നിങ്ങൾക്ക് ഗുണകരമായിരിക്കും. അല്ലാഹു ഒരേയൊരു ദൈവം മാത്രമാണ്. തനിക്ക് സന്താനങ്ങളുണ്ടാവുന്നതിൽനിന്ന് അവൻ പരിശുദ്ധനത്രെ. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാകുന്നു. രക്ഷകർത്തവായി അല്ലാഹു മതിയായവനാണ്.

'താൻ അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിനെ ഒരിക്കലും മസീഹ് അവജ്ഞയോടെ വീക്ഷിക്കുകയില്ല; അല്ലാഹുവിന്റെ സമീപസ്ഥരായ മലക്കുകളും!'

എന്തായാലും തർജമ ചെയ്യുന്ന ആൾ ആയത്തുകളുടെ തർജമയും കേൾപ്പിച്ചു. അപ്പോൾ ജോർജ് അനിയന്ത്രിതമായി ഇങ്ങനെ ഉറക്കെ വിളിച്ചു പറഞ്ഞു: 'തീർച്ചയായും യേശുവിന്റെ സവിശേഷതകൾ ഇപ്രകാരം തന്നെയാണെന്നും അതുപോലെ നിങ്ങളുടെ പ്രവാചകൻ സത്യവാനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.' അതും പറഞ്ഞ് അയാൾ 'തൗഹീദു കലിമ' ചൊല്ലിക്കൊണ്ട് മുസ്‌ലിമായി. അയാൾ തന്റെ ജനതയിലേക്ക് തിരിച്ചുപോകാൻ ആഗ്രഹിച്ചില്ല. എന്നാൽ, റോമക്കാർ കരാർ ലംഘിച്ചുവെന്ന് ചിന്തിക്കാൻ ഇടവരരുതെന്നു കരുതി ഹദ്റത്ത് അബൂഉബയ്ദ അയാളെ പോകാൻ നിർബന്ധിച്ചു. നാളെ ഇവിടെ നിന്നു ഞങ്ങളുടെ ഒരു അംബാസിഡർ അങ്ങോട്ടു പോകുന്നുണ്ട്. അയാളോടൊപ്പം താങ്കൾ തിരിച്ചു വന്നാൽ മതിയെന്നും ഇപ്പോൾ അങ്ങോട്ടു പോകുക എന്നും പറഞ്ഞു. രണ്ടാം നാൾ ഹദ്റത്ത് ഖാലിദ് റോമക്കാരുടെ പട്ടാള ക്യാമ്പിലേക്ക് പോയി. റോമക്കാർ തങ്ങളുടെ പ്രതാപം കാണിക്കാനുള്ള ഏർപ്പാടുകൾ മുന്നേ ചെയ്തിട്ടുണ്ടായിരുന്നു. അവർ വഴിയുടെ ഇരുവശങ്ങളിലും ദൂരവരെ കുതിര സവാരികളുടെ അണികൾ നിറുത്തിയിരുന്നു. അവ അടിമുടി ഇരുമ്പിനാൽ പൊതിയപ്പെട്ടിരുന്നു. എന്നാൽ, ഹദ്റത്ത് ഖാലിദ് അവയെ ഒട്ടും ഗൗനിക്കാതെ വളരെ നിന്ദാദൃഷ്ടിയോടെ നോക്കികൊണ്ടായിരുന്നു അതിലൂടെ കടന്നു വന്നത്. ആട്ടിൻ പറ്റങ്ങളുടെ ഇടയിലൂടെ അവയെ വകഞ്ഞുമാറ്റി മുന്നോട്ട് കുതിക്കുന്ന പുലിയെ പോലെയായിരുന്നു ഖാലിദിന്റെ വരവ്.

അദ്ദേഹം ബാഹാന്റെ കൂടാരത്തിന് അടുത്തെത്തിയപ്പോൾ വളരെ ആദരപൂർവം അദ്ദേഹത്തെ അയാൾ വരവേൽക്കുകയും തനിക്കടുത്ത് തുല്യസ്ഥാനത്ത് അദ്ദേഹത്തെ ഇരുത്തുകയും ചെയ്തു. ദ്വിഭാഷി മുഖേന ചർച്ച തുടങ്ങി. കുശലാന്വേഷണങ്ങൾക്കുശേഷം ബാഹാൻ പ്രഭാഷണ ശൈലിയിൽ സംസാരം ആരംഭിച്ചു. ഹദ്റത്ത് ഈസയെ ആദ്യം സ്തുതിക്കുകയും സീസറിന്റെ നാമം ഉദ്ധരിക്കുകയും വളരെ അഭിമാനപുരസ്സരം തങ്ങളുടെ രാജാവ് എല്ലാ രാജാക്കന്മാരുടേയും ചക്രവർത്തിയാണെന് പറയുകയും ചെയ്തു. ദ്വിഭാഷി തന്റെ തർജമ പൂർത്തിയാക്കുന്നതിനുമുമ്പേ ബാഹാനെ ഖാലിദ് തടഞ്ഞു. എന്നിട്ട് പറഞ്ഞു:'നിങ്ങളുടെ രാജാവ് അപ്രകാരംതന്നെ ആയിരിക്കാം. എന്നാൽ, ഞങ്ങൾ ആരെയാണോ നേതാവാക്കിയിരിക്കുന്നത് അദ്ദേഹത്തിന് നിമിഷ നേരത്തേക്കുപോലും രാജാവാകണമെന്ന ചിന്ത വന്നാൽ ഞങ്ങൾ അദ്ദേഹത്തെ ഉടനടി സ്ഥാനഭ്രഷ്ടനാക്കുന്നതായിരിക്കും.' ബാഹാൻ പ്രഭാഷണം തുടർന്നുകൊണ്ട് തങ്ങളുടെ പ്രതാപ ഐശ്വര്യങ്ങളെ കുറിച്ച് അഭിമാനത്തോടെ വിവരിക്കാൻ തുടങ്ങി. എന്നിട്ട് പറഞ്ഞു: 'അറേബ്യൻവാസികളായ നിങ്ങളുടെ ജനത ഞങ്ങളുടെ രാജ്യത്ത് കുടിയേറിപാർത്തതാണ്. ഞങ്ങൾ അവരുമായി എപ്പോഴും സൗഹൃദത്തോടെയാണ് പെരുമാറിയിട്ടുള്ളത്. ആ ഔദാര്യങ്ങൾക്ക് മുഴുവൻ അറബികളും ഞങ്ങളോട് കടപ്പെട്ടിരിക്കുമെന്നാണ് ഞങ്ങൾ ധരിച്ചിരുന്നത്. എന്നാൽ, ഞങ്ങളുടെ പ്രതീക്ഷക്കു വിരുദ്ധമായി ഞങ്ങളുടെ രാജ്യത്തേക്ക് കടന്നാക്രമണം നടത്തു

കയും ഞങ്ങളെ ഞങ്ങളുടെ രാജ്യത്തുനിന്ന് പുറത്താക്കാൻ ആഗ്രഹിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്കറിയില്ല, ഒരുപാട് സമൂഹങ്ങൾ പലതവണ ഇത്തരം ഉദ്ദേശ്യങ്ങൾവെച്ച് പുലർത്തുകയും എന്നാൽ, എപ്പോഴും പരാജയപ്പെടുകയുമാണ് ചെയ്തിട്ടുള്ളത്. നിങ്ങളാകട്ടെ ലോകത്ത് ഏറ്റവുമധികം ജാഹിലുകളാണ്. നിങ്ങൾ കാട്ടാളന്മാരും യുദ്ധക്കോപ്പുകൾ ഇല്ലാത്തവരുമാണ്. ഞങ്ങൾക്കുമേൽ കടന്നാക്രമണം നടത്താൻ നിങ്ങൾ ധൈര്യപ്പെട്ടത് ഞങ്ങൾ പൊറുത്തുതന്നിരിക്കുന്നു. മാത്രവുമല്ല നിങ്ങൾ ഇവിടം വിട്ടുപോവുകയാണെങ്കിൽ ഞങ്ങൾ നിങ്ങൾക്ക് പാരിതോഷികവും നൽകുന്നതാണ്. സൈന്യാധിപന്മാർക്ക് പത്തായിരം ദീനാറും ഓഫീസർമാർക്ക് ആയിരം ദീനാറും സാധാരണ പോരാളികൾക്ക് നൂറു ദീനാറും വീതം നൽകുന്നതായിരിക്കും.' മുസ്‌ലിമീങ്ങളെ നശിപ്പിച്ചില്ലാതാക്കാൻവേണ്ടി അവർക്കെതിരെ ഒരു വൻ സൈന്യത്തെതന്നെ അവർ തയ്യാറാക്കിയിട്ടുമുണ്ടായിരുന്നു. എന്നാൽ, യുദ്ധം ജയിക്കുക എളുപ്പമല്ലെന്ന് കണ്ടപ്പോൾ അവർ ഇങ്ങനെ നിബന്ധനകൾ മുന്നോട്ട് വെച്ചതാണ്. എന്തായാലും അത്രയും പറഞ്ഞ്, ബാഹാൻ തന്റെ പ്രഭാഷണത്തിന് വിരാമമിട്ടു. ശേഷം ഹദ്റത്ത് ഖാലിദ് എഴുന്നേറ്റുനിന്നു. ഹംദും ഥനായും ചൊല്ലിയശേഷം പറഞ്ഞു: 'നിങ്ങൾ ധനാഢ്യരും സമ്പൽസമൃദ്ധിയുള്ളവരും അധികാരസ്ഥരുമാണെന്നതിൽ സംശയമില്ല. നിങ്ങൾ നിങ്ങളുടെ അയൽപക്കത്തുള്ള അറബികളോട് പെരുമാറിയതെങ്ങനെയാണെന്നും ഞങ്ങൾക്കറിയാം. എന്നാൽ, അതൊന്നും നിങ്ങളുടെ ഔദാര്യമായിരുന്നില്ല. മറിച്ച് നിങ്ങളുടെ മതപ്രാചാരണത്തിനുള്ള ഒരു പോംവഴി മാത്രമായിരുന്നു. നിങ്ങൾ നിങ്ങളുടെ മതത്തിന് പ്രചാരം നൽകാൻ ആഗ്രഹിച്ചിരുന്നു. തൽഫലമായി അറബികൾ ക്രിസ്തുമതത്തിലേക്ക് വരികയും ഇന്ന് നിങ്ങളോടൊപ്പം ചേർന്ന് ഞങ്ങൾക്കെതിരെ യുദ്ധം ചെയ്ത്കൊണ്ടിരിക്കുകയുമാണ്. ഞങ്ങൾ അങ്ങേയറ്റം ആലംബഹീനരും നിർധനരും നാടോടികളുമായിരുന്നു. ഞങ്ങൾക്കിടയിൽ എത്രത്തോളം അതിക്രമവും അരാജകത്വവും നിലനിന്നിരുന്നുവെന്നാൽ ശക്തർ ദുർബലരെ അടിച്ചമർത്തുകയും ഗോത്രങ്ങൾ പരസ്പരം പൊരുതി നശിക്കുകയും ചെയ്യുമായിരുന്നു. പക്ഷേ, അല്ലാഹു ഞങ്ങളോടു കരുണ കാണിച്ചുകൊണ്ട് ഒരു പ്രവാചകനെ ഞങ്ങളിലേക്കയച്ചു. അദ്ദേഹം ഞങ്ങളുടെ ജനതയിൽപെട്ട വ്യക്തി തന്നെയായിരുന്നു. ഞങ്ങളിൽ ഏറ്റവുമധികം മാന്യനും ഉദാരശീലനും സൽപ്രകൃതനുമായിരുന്നു. അദ്ദേഹം ഞങ്ങൾക്ക് തൗഹീദ് പഠിപ്പിച്ചു തന്നു. അല്ലാഹുവിന് ഒരു പങ്കുകാരനില്ലെന്നും പുത്രകളത്രാദികൾ ഇല്ലാത്തവനാണെന്നും പൂർണമായും ഏകനും നിസ്തുലനുമാണെന്നും ഞങ്ങൾക്ക് അദ്ദേഹം പറഞ്ഞുതന്നു. അതുപോലെ ഈ വിശ്വാസ ആദർശങ്ങളെ മുഴുലോകത്തും അവതരിപ്പിക്കണമെന്നും ഞങ്ങളോട് കല്പിച്ചു. ഇത് സ്വീകരിക്കുന്നവർ മുസ്‌ലിമും ഞങ്ങളുടെ സഹോദരനുമാണ്. എന്നാൽ, ആരാണോ ഇത് സ്വീകരിക്കാതെ ജിസ്‌യ നൽകാൻ സമ്മതിക്കുന്നത് അയാളുടെ സഹായികളും സംരക്ഷകരുമായി ഞങ്ങളുണ്ടാകും. പക്ഷേ, ഈ രണ്ടു കാര്യത്തെയും നിരസിക്കുന്നവർക്ക് വാളാണ് പ്രതിഫലം. അതായത് അത്തരക്കാർ യുദ്ധം തുടരാൻ തയ്യാറാവുക. അതിന് ഞങ്ങളും തയ്യാറാകുന്നതാണ്.' ബാഹാൻ ജിസ്‌യ അഥവാ കരം എന്ന പേരു കേട്ടപ്പോൾ ദീർഘശ്വാസം എടുത്തു. എന്നിട്ട് തന്റെ സൈന്യത്തിനുനേരെ വിരൽ ചൂണ്ടി പറഞ്ഞു: 'മരിച്ചാലും ഞങ്ങൾ ജിസ്‌യ നൽകുന്നതല്ല. ഞങ്ങൾ ജിസ്‌യ വാങ്ങുന്നവരാണ്. കൊടുക്കുന്നവരല്ല.' ചുരുക്കത്തിൽ ഒരു ഒത്തുതീർപ്പുമുണ്ടായില്ല. ഖാലിദ് അവിടെ നിന്നെഴുന്നേറ്റുപോയി. അങ്ങനെ അവസാന യുദ്ധത്തിന് കളമൊരുങ്ങി. എന്നാൽ, അതിനുശേഷം റോമക്കാർക്ക് പിടിച്ച് നിൽക്കാനായില്ല. ഹദ്റത്ത് ഖാലിദ് പോയതിനുശേഷം ബാഹാൻ നേതാക്കന്മാരെയൊക്കെ വിളിച്ചുകൂട്ടി പറഞ്ഞു: 'അറബികളുടെ വെല്ലുവിളി നിങ്ങൾ കേട്ടോ? അവരുടെ പ്രജകൾ ആകാത്തിടത്തോളം അവരുടെ ആക്രമണത്തിൽ നിന്നു നിങ്ങൾ സുരക്ഷിതരല്ല പോലും! നിങ്ങൾക്ക് അവരുടെ അടിമത്തം സ്വീകാര്യമാണോ?' എല്ലാ ഓഫീസർമാരും ആവേശത്തള്ളിച്ചയോടെ പറഞ്ഞു: 'ഞങ്ങൾ മരിച്ചാലും വേണ്ടില്ല, ഞങ്ങൾക്കീ അവഹേളനം സഹിക്കാനാകില്ല.'

നേരം വെളുത്തപ്പോൾ റോമക്കാർ കെട്ടടങ്ങാത്ത ആവേശത്തോടെ യുദ്ധക്കോപ്പുകളുമായി പുറപ്പെട്ടതു കണ്ട് മുസ്‌ലിമീങ്ങൾ പോലും അമ്പരന്നു. അതുകണ്ട് ഹദ്റത്ത് ഖാലിദ് അറബികളുടെ പതിവുരീതി തെറ്റിച്ച് പുതിയ നിലയിൽ സൈന്യത്തെ ക്രമീകരിച്ചു. റോമക്കാർ വളരെയധികം ആവേശത്തോടും സർവ്വ സന്നാഹങ്ങളോടുംകൂടി പുറപ്പെട്ടത് കണ്ട് അറബികൾ പൊതുവെ അനുവർത്തിച്ചു വന്നിരുന്ന യുദ്ധമുറയിൽ നിന്നു വ്യത്യസ്തമായ രീതിയിൽ തീർത്തും പുതുമയോടെ സൈന്യത്തെ രൂപകൽപന നൽകുകയും മുപ്പത് മുപ്പത്തഞ്ചായിരം പേരടങ്ങുന്ന സൈന്യത്തെ മുപ്പത്താറ് ഭാഗങ്ങളായി തിരിക്കുകയും വളരെ ക്രമബദ്ധതയോടെ മാറ്റങ്ങൾ വരുത്തി അണിനിരത്തുകയും ചെയ്തു. സൈന്യത്തിന്റെ ഹൃദയ ഭാഗം അബൂഉബയ്ദയെ ഏൽപിക്കുകയും വലതുഭാഗം അംറ് ബിൻ ആസിനേയും ശുറഹ്ബീലിനെയും ഏല്പിക്കുകയും ഇടതുഭാഗം യസീദ് ബിൻ അബി സുഫിയാന്റെ മേൽനോട്ടത്തിലാ ക്കുകയും ചെയ്തു. അതുകൂടാതെ ധീരതയിലും യുദ്ധ നൈപുണ്യത്തിലും പരക്കെ അംഗീകരിക്കപ്പെട്ട ഓഫീസർമാരെ തിരഞ്ഞെടുത്ത് അവരെ വ്യത്യസ്ത അണികളുടെ ചുമതല ഏല്പിക്കുകയും ചെയ്തു. പ്രഭാഷകർ തങ്ങളുടെ ഉജ്ജ്വലമായ വാഗ്മിക മികവിനാൽ ജനങ്ങളുടെ ഹൃദയങ്ങളെ പ്രകമ്പനം കൊള്ളിച്ചുകൊണ്ടിരുന്നു. ആവേശഭരിതമായ പ്രഭാഷണങ്ങളാൽ സൈന്യത്തിൽ ആർജവമുളവാക്കാൻ വേണ്ടി പ്രഭാഷകർ നിയമിക്കപ്പെട്ടിരുന്നു. ഇവരിൽ അബൂസുഫിയാനുമുണ്ടായിരുന്നു. അദ്ദേഹം ജനങ്ങളുടെ ഇടയിലൂടെ നടന്ന് ഇപ്രകാരം പറയുന്നുണ്ടായിരുന്നു. 'മാശാ അല്ലാഹ്! നിങ്ങൾ അറേബ്യയുടെ സംരക്ഷകരും ഇസ്‌ലാമിന്റെ സഹായകരുമാണ്. എതിരാളികൾ റോമിന്റെ സംരക്ഷകരും ശിർക്കിനെ പിന്തുണക്കുന്നവരുമാണ്. അല്ലാഹുവേ! ഈ ദിനം നിന്റെ സുവിശേഷ ദിനങ്ങളിൽ പെട്ടതാണ്. അല്ലാഹുവേ! നിന്റെ ദാസർക്കുമേൽ നിന്റെ സഹായം ഇറക്കിയാലും. അംറ് ബിൻ ആസ്(റ)ഇങ്ങനെ പറഞ്ഞു നടക്കുന്നുണ്ടായിരുന്നു: 'അല്ലയോ ജനങ്ങളേ! നിങ്ങളുടെ ദൃഷ്ടികൾ കീഴ്പ്പോട്ടാക്കുക. നിങ്ങൾ കാൽമുട്ടുകളിൽ ഇരിക്കുക, നിങ്ങളുടെ കുന്തങ്ങൾ ഉയർത്തി പിടിക്കുക. നിങ്ങൾ നിങ്ങളുടെ സ്ഥാനത്തും നിങ്ങളുടെ അണികളിലും അടിയുറച്ച് നിലകൊള്ളുകയും ചെയ്യുക. ശത്രുക്കൾ നിങ്ങൾക്കുമേൽ ആക്രമണം അഴിച്ചുവിടുന്നപക്ഷം അവർ നിങ്ങളുടെ കുന്തമുനയോട് അടുക്കുന്നതുവരെ അടങ്ങിയിരിക്കുക. ശേഷം സിംഹങ്ങളെപോലെ അവർക്ക് മേൽ ചാടിവീഴുക. സത്യസന്ധതയിൽ സന്തുഷ്ടനാവുകയും അതിനു പ്രതിഫലം നൽകുകയും അതുപോലെ അസത്യത്തിൽ കുപിതനാവുകയും അതിനുശിക്ഷ നൽകുകയും അതുപോലെ ഔദാര്യത്തിന് തക്ക പ്രതിഫലം നൽകുകയും ചെയ്യുന്ന അല്ലാഹുവാണ്! മുസ്‌ലിമീങ്ങൾ ഓരോരോ പ്രദേശങ്ങളും ഭൂഭാഗങ്ങളും തുടർച്ചയായി ജയിച്ചടക്കുമെന്നും ഈ രാജ്യത്തിൽ ആധിപത്യം നേടുമെന്നും എനിക്ക് സുവാർത്ത ലഭിച്ചിരിക്കുന്നു. ആയതിനാൽ ഇവരുടെ അംഗബലവും ശക്തിയും കണ്ടു നിങ്ങൾ ഭയക്കരുത്. നിങ്ങൾ ധൈര്യപൂർവം അടരാടിയാൽ ഇക്കൂട്ടർ തിത്തിരി പക്ഷികളുടെ കുഞ്ഞുങ്ങളെപ്പോലെ ഭയപ്പെട്ട് ചിന്നിച്ചിതറുന്നതായിരിക്കും.

മുസ്‌ലിം സൈന്യത്തിന്റെ എണ്ണം താരതമ്യേന കുറവായിരുന്നു. അതായത് മുപ്പതു മുപ്പത്തയ്യായിരത്തിൽലധികം അവരുണ്ടായിരുന്നില്ല. അവർ മുഴുവൻ അറേബ്യയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ടവരാണ്. നബി(സ)തിരുമേനിയുടെ അനുഗൃഹീത മുഖകമലം നേരിട്ട് ദർശിച്ച പുണ്യാത്മാക്കളും ആയിരത്തോളമുണ്ട്. അതുപോലെ നബി(സ)തിരുമേനിയോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത നൂറു മഹാത്മാക്കളും

ശേഷം പേജ് 9ൽ

## ഹദീഥുന്നബ്‌വി(സ):

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."**

*(സ്വഹീഹ് മുസ്‌ലിം)*

## ഹദീഥുന്നബ്‌വി(സ):

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

*(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

**2019 ഒക്ടോബർ 8 തിങ്കളാഴ്ച (ബദ്ർ വാല്യം 6 ലക്കം 42 പേജ് 12–ൽനിന്ന് തുടർച്ച.....)**

ഹുദൂർ അൻവർ: **ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദു റസൂലുല്ലാഹ്** എന്ന് ചൊല്ലുന്ന ഏതൊരു വ്യക്തിയും നബി(സ) തിരുമേനിയുടെ വാക്കനുസരിച്ച് മുസ്‌ലിമാണ്. ഞങ്ങൾ ആരുടെമേലും മതവിധി പുറപ്പെടുവിക്കാറില്ല. നിങ്ങളോട് സലാം പറയുന്നവരെ കേൾക്കുക. നിങ്ങൾ വിശ്വാസിയല്ലെന്ന് അയാളോട് പറയരുതെന്ന് വിശുദ്ധ ഖുർആൻ പറയുന്നു.

ഒടുവിൽ ഹുദൂർ അദ്ദേഹത്തോട്; 'കൂടിക്കാഴ്ചക്ക് ഇവിടെ വന്നതിൽ താങ്കൾക്ക് നന്ദി' എന്നു പറഞ്ഞു. കൂടിക്കാഴ്ചയുടെ ഈ പരിപാടി 05.00 മണിവരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അദ്ദേഹത്തിന് സൗഭാഗ്യം ലഭിച്ചു.

**ഹുദൂറുമായി മൂന്ന് സുപ്രധാന വ്യക്തികളുടെ കൂടിക്കാഴ്ച**

അതിനുശേഷം താഴെ പറയുന്ന മൂന്ന് അതിഥികൾ ഹുദൂറുമായി കൂടിക്കാഴ്ചക്ക് നടത്തി.

(1) **വലേറി തോറിന് (Valerie Thorin) സാഹിബ**: (ഇവർ പ്രൊട്ടസ്റ്റന്റ് ജേർണലിസ്റ്റാണ്. ആഫ്രിക്കൻ പ്രശ്നങ്ങളെ കുറിച്ച് സ്പെഷ്യലൈസ് ചെയ്ത മഹിളയാണ്. ഇവർ ഇവരുടെ ഒരു പ്രൊട്ടസ്റ്റന്റ് റേഡിയോയുമുണ്ട്. ഇതിൽ ഒരു അഹ്മദി സ്നേഹിതൻ സയ്ദ് അദിവി( ടമശറ അറശംശ)സാഹിബും ജമാഅത്തിന്റെ ഭാഗത്തു നിന്നു പ്രോഗ്രാം ചെയ്യാറുണ്ട്)

(2) **ഫ്ലോറൻസ് തൌബ്മാൻ (Florence Taubmann)** സാഹിബ: (ഇവർ ഇവാഞ്ചലിക്കൽ ചർച്ചിന്റെ പാതിരിയാണ്. ക്രിസ്ത്യൻ-ജ്യൂയിഷ് ഫ്രണ്ട്ഷിപ്പ് കമ്മിറ്റി പ്രസിഡന്റ് **ChristianJewish Frindship Committee president** ആണ്).

(3) അൽഫോസിന ബെല്ലിയോ**(Alfonssina Bellio)** സാഹിബ: (ഇവർ സോഷ്യോളജിസ്റ്റാണ്. ആണ്. റിലീജ്യസ് ലബോറട്ടറി ഓഫ് റിസർച്ച് **(Religious Laboratory of Ressearch)** എന്ന വിഭാഗവുമായി പ്രത്യേക ബന്ധമുണ്ട്. ആദ്യമായി ഇവർ ഓരോരുത്തരും തങ്ങളെ ഹുദൂറിന് പരിചയപ്പെടുത്തി.

അൽഫോസിന ബെല്ലിയോ **(Alfonssina Bellio)** സാഹിബ പറഞ്ഞു: 'ഫ്രാൻസ് ജൽസാ സാലാനയിൽ ഞാൻ പങ്കെടുത്തിരുന്നു. ഈ ജൽസയിൽ പങ്കെടുക്കുക എന്നത് എന്റെ ജീവിതത്തിലെ ചരിത്രപരമായി അവസരാമായിരുന്നു. ജൽസയിൽ ഹുസൂർ ഫ്രഞ്ച് ഭാഷ സംസാരിക്കുന്ന അതിഥികളെ അഭിമുഖീകരിച്ച് പ്രഭാഷണവും നടത്തിയിരുന്നു. ഇത് ഞങ്ങളുടെ രാജ്യത്തിനും ചരിത്രപരമായ ഒരു ദിനമായിരുന്നു.

അവർ പറഞ്ഞു: 'ഞാൻ പാരീസിലാണ് താമസിക്കുന്നത്. എന്നാൽ, അവരുടെ ബന്ധം ഇറ്റലിയുമായാട്ടാണ്. തുടർന്ന് വിലക്കയറ്റത്തെ കുറിച്ച് സംസാരമുണ്ടായി. ഈ രണ്ടു രാജ്യങ്ങളിലുംവെച്ച് കൂടുതൽ വിലക്കയറ്റം ഏതു രാജ്യത്താണ്. അപ്പോൾ അവർ പറഞ്ഞു, റോമിലും വിലക്കയറ്റമുണ്ട്. പക്ഷേ, പാരീസിൽ കൂടുതലാണ്.

ഫ്ലോറൻസ് തൌബ്മാൻ **(Florence Taubmann)** സാഹിബ പറഞ്ഞു: 'ഞാൻ പ്രൊട്ടസ്റ്റന്റ് വിശ്വാസിനിയാണ്. ഞങ്ങളുടെ ചർച്ചിൽ അരമില്യൺ ആളുകളുണ്ട്. ജനങ്ങൾ മതത്തിൽനിന്നു അകന്നു പൊയ്ക്കൊണ്ടിരിക്കുന്നു.

അപ്പോൾ ഹുദൂർ പറഞ്ഞു: ഇക്കാലഘട്ടത്തിൽ ലോകർക്ക് മതത്തെ കുറിച്ച് ശ്രദ്ധയൊന്നുമില്ല. ഇന്റർ ഫെയ്ത്ത് ചർച്ച അനിവാര്യമാണ്. ഇതിലേക്ക് മതമില്ലാത്തവരേയും വിളിക്കണം. മതത്തിന്നെതിരെ സംസാരിക്കുന്നതിനുപകരം മതങ്ങളുടെ ഗുണഗണങ്ങളാണ് വിശദീകരിക്കേണ്ടത്. എല്ലാവരും സമൂഹത്തിൽ സഹവർത്തിത്വത്തോടെ ജീവിക്കണമെന്നും നാമെല്ലാവരും ഒരേ സമൂഹത്തിൽ പെട്ടവരാണെന്നും വിശദീകരിക്കേണ്ടതാണ്.

ഹുദൂർ പറഞ്ഞു: 'ദൈവത്തെ ജനങ്ങൾക്ക് പരിചയപ്പെടുത്തേണ്ടത് ഇക്കാലത്ത് അനിവാര്യമാണ്. ഒരു ദൈവമുണ്ടെന്ന തോന്നൽ ഓരോരുത്തർക്കും ഉണ്ടാകണമെന്നതാണ് അടിസ്ഥാന കാര്യം. ഓരോരുത്തർക്കും അവരവരുടേതായ മതമുണ്ട്. എന്നാൽ, ഒരു ദൈവത്തെ തിരിച്ചറിയൽ സർവോപരി അടിസ്ഥാനപരമായ കാര്യമാണ്.

വലേറി തോറിന് **(Valerie Thorin)** സാഹിബ: 'ഞങ്ങൾ ഒരു റേഡിയോ പ്രോഗ്രാം ഈരണ്ടാഴ്ച തോറും നടത്തിവരുന്നുണ്ട്. 4 ലക്ഷം പേർ ശ്രോതാക്കളുണ്ട്. ഇത് മതത്തെ കുറിച്ചാണ്. ഒരു ക്രിസ്ത്യൻ, ഒരു യഹൂദി, ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്ത് ഒരു അഹ്മദിയേയും വെച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പേര് സയ്ദ് അദിവി**(Said Adiwi)** എന്നാണ്.

ഹുദൂർ: ഇസ്‌ലാമിനേയും മുസ്‌ലിമീങ്ങളേയുംകുറിച്ചുള്ള ജനങ്ങളുടെ വിചാരങ്ങളെന്താണ്?

വലേറി തോറിന് (**Valerie Thorin**) സാഹിബ: 'ഇപ്പോഴും ഇസ്‌ലാമിനെ കുറിച്ചും മുസ്‌ലിമീങ്ങളെ കുറിച്ചും ജനങ്ങൾക്ക് അറിയില്ല. ഒരു അഹ്മദിയെ വെച്ചതിന്നുശേഷം ഞങ്ങളുടെ ശ്രോതാക്കളിൽ വർധന വന്നിട്ടുണ്ട്. ജനങ്ങൾക്ക് യഥാർഥ ഇസ്‌ലാമിനെ കുറിച്ച് പരിചയമുണ്ടായി വരുന്നു. ഫീഡ്ബാക്ക് വരുന്നതെല്ലാം ശുഭകരമായ രീതിയിലാണ്.

ഹുദൂർ: ഇസ്‌ലാമിന്റെ അർഥം തന്നെ സമാധാനം എന്നാണ്. ഇതാണ് അടിസ്ഥാന പരമായ കാര്യം.

ഹുദൂർ പറഞ്ഞു: വരുമ്പോൾ വഴിയിൽ വളരെ ട്രാഫിക്ക് തടസമുണ്ടായിരുന്നു. നൈജീരിയയിലെ ലാഗോസിലാണ് ഏറ്റവും വലിയ ട്രാഫിക്ക് ഞാൻ കണ്ടത്. അതിന്റെ പ്രത്യേക പോരുതന്നെ 'ഗോ സ്ലോ'**(Go Slow)** എന്നാണ്. അവിടെ ട്രാഫിക്ക് നിയമങ്ങൾ അനുസരിക്കപ്പെടാറില്ല.

വലേറെ തോറിൻ: ഞാനും കുറച്ചു കാലം താമസിച്ചിരുന്നു. തികച്ചും ശരിയായ കാര്യമാണ് പറഞ്ഞത്.

ഹുദൂർ: ഞാൻ 8 വർഷം ഘാനയിലുണ്ടായിരുന്നു. ആഫ്രിക്കയെ കുറിച്ച് നല്ലവണ്ണം എനിക്കറിയാം. ആഫ്രിക്കൻ ജനതകളിൽ ഏറ്റവും വിനയരായിട്ടുള്ളവർ ഘാനക്കാരാണ്. അച്ചടക്കമുള്ളവരാണ് അവർ.(അവലംബം, ബദ്ർ ഉർദു ഫെബ്രുവരി 13 2020)

**<u>2018 ഒക്ടോബർ 8(ചൊവ്വാഴ്ച) റിപ്പോർട്ട് തുടർച്ച</u>**

**ഹുദൂറിനെ ആദരിക്കാൻ യുനെസ്കൊ(UNESCO) സംഘടിപ്പിച്ച പരിപാടി.**

05.55-ന് ഹോട്ടലിൽ നിന്ന് യുനസ്കൊയിലേക്ക് ഹുദൂർ പുറപ്പെട്ടു. 6.05-ന് ഹുദൂർ യുനസ്കൊയിലെത്തി.

മാലി രാജ്യത്തിന്റെ അംബാസഡറായിരുന്ന ഡോക്ടർ ഔമർ കേട്ട സാഹിബ് **(Oumar Keta)** ഹുദൂറിനെ സ്വീകരിക്കുകയും പുറത്തുനിന്ന് ഹുദൂറിനെ സ്വീകരണ ഹാളിലേക്ക് ആനയിക്കുകയും ചെയ്തു.

**ചില പ്രമുഖ വ്യക്തികളുടെ ഹ്രസ്വ ഭാഷണങ്ങൾ**

ഇന്ന് നടന്ന പരിപാടിയിൽ 91 അതിഥികൾ പങ്കെടുത്തു. മാലി അംബാസഡറെ കൂടാതെ ചുവടെ ചേർക്കുന്ന പ്രമുഖ വ്യക്തികൾ സംബന്ധിച്ചു.

1. **മിസ്റ്റർ ജീൻ ക്രിസ്റ്റഫർ ആംഗർ(Mr.Jean Christopher Auger)** മതകാര്യ ഉപദേശകൻ, ഫ്രാൻസ് വിദേശകാര്യ വകുപ്പ്.
2. **മിസ്റ്റർ ക്ലെമന്റ് റൗച്ചൗസ്(Mr.Clement Rouchouse)** മതകാര്യവകുപ്പിന്റെ ഡയറക്ടർ, ഫ്രാൻസ് ആഭ്യന്തര വകുപ്പ്.
3. **മിസ്റ്റർ ഗ്രിഗോറി ഡൂലിനോവ്(Mr.Gregoire Duelin-eau)** യൂബോൺ**(Eaubonne)** പ്രദേശത്തിന്റെ മേയർ.
4. **മിസ്റ്റർ വില്ലി ബ്രേട്ടൺ(Mr.Willy Breton)** നാറ്റോ മെമ്മോറിയൽ പ്രസിഡന്റ്.
5. **മിസ്റ്റർ ഒളിവർ ഡെ ലഗാറഡെ** മൾട്ടിപ്പിൾ ബിസിനസ് **(Mr.Olivier de Lagarade, Multiple Business)** സ്കൂൾ സി. ഇ. ഒ.
6. **മിസ്റ്റർ അബൂബക്ർ ഡോളോ(Mr. Aboubakar Dolo)** ഫ്രാൻസിലെ മാലി അംബാസഡർ ഫസ്റ്റ് അഡ്വൈസർ.
7. **മിസ്റ്റർ ലുഡോവിക്ക് മെൻഡെസ്(Mr.Ludovic Mendes)** ഫ്രഞ്ച് പാർലമെന്റ് മെമ്പർ.
8. **മിസ്റ്റർ പാട്രിക്ക് വൻഡാൻജിയോൺ(Mr.Patrick Van-dangeon Les Mureaux Town)** ലെസ് മ്യൂറെക്സ് ടൗൺ കൗൺസിലർ.

ഇവരെ കൂടാതെ സർക്കാർ വിഭാഗത്തിലെ ഉദ്യോഗസ്ഥർ, ഡയറക്ടർമാർ, ജേർണലിസ്റ്റ് മാർ തുടങ്ങി ജീവിതത്തിലെ വിവിധ തുറകളുമായി ബന്ധമുള്ളവരും ഇതിൽ പങ്കെടുത്തു.06.10-ന് പരിപാടി ആരംഭിച്ചു.

✿ യുനസ്കൊയിലെ മാലി അംബാസഡറായ ഡോക്ടർ ഔമർ കേട്ട **(Oumar Keta)** സാഹിബ് ആമുഖ പ്രഭാഷണം നടത്തി. അദ്ദേഹം പറഞ്ഞു:'ഈ പരിപാടിയിൽ പങ്കെടുക്കുക എന്നത് എനിക്ക് ലഭിച്ച ആദരവാണ്. 2012 മുതൽ എന്റെ രാജ്യമായ മാലി തീവ്രവാദ ആക്രമണങ്ങളുടെ പിടിയിലാണുള്ളത്. അവർ തങ്ങളുടെ ഇടുങ്ങിയ വീക്ഷണങ്ങളെ നമ്മുടെ ജനതകളുടെമേൽ അടിച്ചേൽപ്പിക്കാൻ ആഗ്രഹിക്കുന്നു. എന്നാലിത് ഞങ്ങളുടെ സാമൂഹിക മൂല്യങ്ങൾക്കെതിരാണ്. ഞങ്ങൾ സഹവർത്തിത്വത്തെ ഇഷ്ടപ്പെടുന്നവരാണ്. നിയമപരമായി നമ്മുടെ നാട്ടിൽ മതസ്വാതന്ത്ര്യമുണ്ട്.

1987 മുതൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മാലിയിലുണ്ട്. സമൂഹത്തിന്റെ വളർച്ചക്ക് ക്രിയാത്മകമായ പങ്കാണ് അവർ വഹിച്ചു വരുന്നത്. ഈ ജമാഅത്ത് ഇന്ന് മതപരവും സേവനപരവുമായ പ്രവൃത്തികളിൽ സക്രിയരാണ്. നമ്മുടെ രാജ്യത്ത് സ്കൂളും ഹോസ്പിറ്റലും തുറക്കുന്ന അഹ്മദിയ്യാ ജമാഅത്തിന് ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. കൂടാതെ വാട്ടർപമ്പ് സ്ഥാപിക്കുന്നു. അവരുടെ കാരുണ്യപ്രവർത്തന സംഘടനയായ ഹ്യുമാനിറ്റി ഫസ്റ്റ് **(Humanity first)** മുഖേന മറ്റനേകം സേവനങ്ങളിൽ അവർ മുഴുകിയിരിക്കുന്നു.

✿ അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ 17 റേഡിയോ നിലയങ്ങളും 6 വലിയ മസ്ജിദുകളും സ്കൂളുകളും സ്ഥാപിച്ചുകൊണ്ട് നമ്മുടെ സമൂഹത്തെ അറിവിന്റെ പ്രകാശത്താൽ പ്രകാശിതമാക്കിയിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിനോട് തങ്ങളുടെ പ്രവർത്തനങ്ങൾ തുടർന്നും ചെയ്യാൻ അപേക്ഷിക്കുന്നു.

ലോകത്ത് സമാധാനം സ്ഥാപിക്കാനുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ ശ്രമങ്ങൾക്ക് ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന് നന്ദി രേഖപ്പെടുത്തുന്നു.അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് അനുഗ്രഹാശിസ്സുകൾ നാം നേരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഘാനയിൽ താമസിച്ചിരുന്നതായും അവിടുത്തെ കൃഷി സംബന്ധമായ സംവിധാനത്തിൽ പുരോഗതി കൈവരിക്കാനായി വിജയപ്രദമായ പ

രീക്ഷണങ്ങൾ നടത്തിയതായും നമുക്കറിയാം. ഞങ്ങൾ അങ്ങയെ മാലിയിലേക്കും ക്ഷണിക്കുന്നു. ഇത് നമ്മുടെ രാജ്യത്തിന് ലഭിക്കുന്ന വലിയ ബഹുമതിയായിരിക്കും. ഞങ്ങൾ അങ്ങയുടെ മൂല്യവത്തായ ഉപദേശങ്ങൾക്കായി പ്രതീക്ഷിച്ചിരിക്കുന്നു.

തുടർന്ന് ഫ്രാൻസ് അഹ്മദിയ്യാ ജമാഅത്തിന്റെ വിദേശ കാര്യ വിഭാഗം നാഷണൽ സെക്രട്ടറി ആസിഫ് ആരിഫ് സാഹിബിന്റെ ലഘു പ്രഭാഷണമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്തിയ അദ്ദേഹം അതിഥികൾക്ക് സ്വാഗതം ഓതി.

❁ അതിനുശേഷം മിസ്റ്റർ ക്ലെമന്റ് റൗച്ചൗസ് **(Mr.Clement Rouchouse)** മതകാര്യവകുപ്പ് ഡയറക്ടർ, ഫ്രാൻസ് വേദിയെ അഭിമുഖീകരിച്ച് സംസാരിച്ചു:അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ ഫ്രാൻസിലേക്ക് ഞാൻ സ്വാഗതം ചെയ്യുകയാണ്. നമ്മുടെ രാജ്യമായ ഫ്രാൻസിൽ എല്ലാ മതവിഭാഗങ്ങൾക്കു വേണ്ടിയും നന്മയാണ് പ്രാമുഖ്യം നല്കപ്പെടുന്നത്. ഫ്രാൻസ് നിയമം അനുസരിച്ച് ഭരണകൂടം മതപരമായ കാര്യങ്ങളിൽ ഇടപെടാറില്ല. ഫ്രാൻസിന് ഇസ്‌ലാമുമായി ഒരു നീണ്ട കാല ബന്ധമുണ്ട്. ഫ്രാൻസിൽ വിവിധ മുസ്‌ലിം വിഭാഗങ്ങളുണ്ട്. 1924 മുതൽ അഹ്മദിയ്യാ ജമാഅത്തും ധാരാളമായി ഇവിടെയുണ്ട്. സമാധാന നിർഭരമായ നിങ്ങളുടെ അധ്യാപനങ്ങൾക്ക് വളരെ അനിവാര്യതയുണ്ട്. തന്മൂലം ഇസ്‌ലാമിന് നമ്മുടെ ഭരണകൂടത്തിൽ തനതായ സ്ഥാനമുണ്ടാകുന്നു. ഫ്രാൻസിലെ വിവിധ പട്ടണങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് സേവനപരമായ കൃത്യങ്ങളിൽ നിരതരാണ്. സമാധാനം, സാഹോദര്യം, മതപരമായ സംവാദം എന്നീ രംഗങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് സ്മരണീയമായ പ്രവൃത്തികൾ ചെയ്തുവരുന്നു. ആഭ്യന്തര വകുപ്പിന്റെ ഭാഗത്തുനിന്ന് ഇതു വിഷയകമായി ഭാവുകങ്ങൾ നേരുന്നു.ഞങ്ങളും നിങ്ങളോടൊപ്പമുണ്ട്.

❁ തുടർന്ന് ഫ്രാൻസിലെ യൂറോപ്പ്, വിദേശകാര്യ വകുപ്പിലെ മതപരമായ കാര്യങ്ങളുടെ പ്രത്യേക ഉപദേശകൻ ജീൻ ക്രസ്റ്റഫെ ഓഗ് **(Jean Christophe Auger)** വേദിയെ അഭിമുഖീകരിച്ച് പ്രസംഗിച്ചു:'അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ ഫ്രാൻസിലേക്ക് ഞാൻ സ്വാഗതം ചെയ്യുകയാണ്. ഞാൻ ഈ പരിപാടിയുടെ സംഘാടകർക്കും നന്ദി പറയുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ അന്തർദേശീയ പ്രാധാന്യത്തെ കുറിച്ച് നമ്മൾ നല്ലവണ്ണം ബോധവാന്മാരാണ്. നിങ്ങളുടെ ജമാഅത്തിനേയും അറിയാം. ഫ്രാൻസ് ഭരണകൂടം അഭിപ്രായ സ്വാതന്ത്ര്യത്തിനും മതസ്വാതന്ത്ര്യത്തിനുംവേണ്ടി നിലകൊള്ളുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ ഫ്രാൻസ് സന്ദർശനം വിജയപ്രദമാകുമാറാകട്ടെ എന്ന് ഞങ്ങളാശിക്കുന്നു.

❁ തുടർന്ന് യൂബോൺ **(Eaubonne)** പ്രദേശത്തിന്റെ മേയർ ഗ്രിഗോറി ഡ്യൂബ്ലിനോ **(Mr.Gregoire Duelineau)** വേദിയെ അഭിമുഖീകരിച്ച് സംസാരിച്ചു:'അഹ്മദിയ്യാ ജമാഅത്ത് ഫ്രാൻസിന്റെ ശ്രമങ്ങളെ ഞാൻ ശ്ലാഘിക്കുന്നു. എല്ലാ രംഗങ്ങളിലും അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ നമ്മെ സഹായിക്കുന്നുണ്ട്. അവർ സ്നേഹാദരവും സാഹോദര്യവും നല്കുന്നു. നിങ്ങളുടെ പ്രവർത്തനങ്ങൾ കാരണത്താൽ മുസ്‌ലിമീങ്ങളെ സംബന്ധിച്ചുള്ള ഭീതി അകന്നു കൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിനെ സംബന്ധിച്ച് കൂടുതൽ അറിവ് കരസ്ഥമാക്കാനുള്ള താൽപര്യം ജനങ്ങളിൽ വർധിച്ചു വരുന്നു.

❁ അതുകഴിഞ്ഞ് നാറ്റോ മെമ്മോറിയൽ അധ്യക്ഷൻ വില്ലി ബ്രെട്ടോൺ **(Mr.Willy Bretonk)** സദസ്സിനെ അഭിസംബോധന ചെയ്തു: 'ഫ്രാൻസിലെ വിവിധ മതവിഭാഗങ്ങളുടെ പ്രതിനിധികളെ നമ്മൾ എല്ലാ വർഷവും സ്വന്തം പരിപാടിക്ക് ക്ഷണിക്കാറുണ്ട്. അഹ്മദിയ്യാ ജമാഅത്തിന് ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. ഈ പരിപാടിയിൽ പങ്കെടുത്തതിന് പ്രത്യേകിച്ചും അഹ്മദിയ്യാ ജമാഅത്ത് ഇമാമിനോടു വളരെയധികം നന്ദി പറയുന്നു. നമ്മുടെ പരിപാടികളിൽ അഹ്മദിയ്യാ ജമാഅത്ത് പങ്കെടുക്കുന്നു. ദിവംഗതരാകുന്ന സൈനികർക്കുവേണ്ടിയും അവരുടെ ബന്ധുക്കൾക്കുവേണ്ടിയും പ്രാർഥിക്കുന്നു. നാമെല്ലാവരും ചേർന്ന് സമാധാനത്തിനുവേണ്ടി പരിശ്രമിക്കുക എന്നതാണ് എന്റെ സന്ദേശം.

അതുകഴിഞ്ഞ് 06.40-ന് ഹുദൂറിന്റെ ഇംഗ്ലീഷിലുള്ള പ്രഭാഷണം ആരംഭിച്ചു

### ഹുദൂറിന്റെ പ്രഭാഷണം

പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ

ആദരണീയരായ അതിഥികളേ! അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു. പ്രാഥമികമായി യുനസ്കൊ **(UNESCO)** സംഘാടകർക്ക് നന്ദി പറയാൻ ഞാനാഗ്രഹിക്കുന്നു. ഇന്നിവിടെ ഇങ്ങനെയൊരു പരിപാടി നടത്താൻ നമുക്ക് അവർ അനുവാദം നല്കി. ഞങ്ങളുടെ ക്ഷണം സ്വീകരിച്ചു കൊണ്ട് ഇവിടെ എത്തിയ എല്ലാ ആദരണീയ അതിഥികൾക്കും ഞാൻ നന്ദി പറയുന്നു. രാഷ്ട്രീയക്കാരനോ നേതാവോ ശാസ്ത്രജ്ഞനോ അല്ലാത്ത ഒരു വ്യക്തിയുടെ എന്നാൽ, ഒരു വിഭാഗത്തിന്റെ നേതാവിന്റെ അതായത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നേതാവിന്റെ പ്രസംഗം കേൾക്കാൻ ഇന്നിവിടെ നിങ്ങൾ സന്നിഹിതരായിരിക്കുകയാണ്.

യുനസ്കൊ **(UNESCO)** യുടെ അടിസ്ഥാനപരമായ സ്ഥാപനോദ്ദേശ്യം വളരെ മഹത്തരവും സ്തുത്യർഹവുമാണ്. സർവ ലോകത്തും ശാന്തിയും പരസ്പര ബഹുമാനവും സ്ഥാപിക്കലും നിയമവാഴ്ചയും മനുഷ്യാവകാശങ്ങളും നിലനിറുത്തലും വിദ്യാഭ്യാസത്തെ സാർവത്തികമാക്കലും ഇതിന്റെ ലക്ഷ്യങ്ങളാണെന്നാണ് എന്റെ അറിവ്. സ്വതന്ത്രമായ പത്രപ്രവർത്തനം, വിവിധ പാരമ്പര്യങ്ങളേയും സംസ്കാരങ്ങളേയും സംരക്ഷിക്കാനും യുനസ്കൊ **(UNESCO)** ആഹ്വാനം ചെയ്യുന്നു. പട്ടിണിനിർമാർജനവും അന്തർദേശീയ തലത്തിൽ സ്ഥായിയായ പുരോഗതിയും വളർച്ചയും ഇത് ആഹ്വാനം ചെയ്യുന്നു. വരുംതലമുറകൾക്ക് ഫലമെടുക്കാൻ ഉതകുംവിധമുള്ള കാര്യങ്ങൾ വിട്ടേച്ച് പോകണമെന്നുള്ളതും യുനസ്കൊ **(UNESCO)** ഉറപ്പു വരുത്താൻ ശ്രമിക്കുന്ന കാര്യമാണ്.

ഇസ്‌ലാമിക അധ്യാപനങ്ങളും മുസ്‌ലിമീങ്ങളോട് ഇതേ ലക്ഷ്യങ്ങൾ പൂർത്തിയാക്കാനാണ് നിർദേശിക്കുന്നതെന്ന് അറിയുമ്പോൾ ഒരു പക്ഷേ, നിങ്ങൾ അത്ഭുതപ്പെടുന്നതാണ്. മാനുഷിക പുരോഗതിക്കുവേണ്ടി അനുസ്യൂതം പ്രവൃത്തിക്കാൻ അത് ആഹ്വാനം ചെയ്യുന്നു. ഇത്തരത്തിലുള്ള സേവനങ്ങളുടെ അടിസ്ഥാനം വിശുദ്ധ ഖുർആനിലെ ആദ്യ അധ്യായത്തിൽ വെക്കപ്പെട്ടിരിക്കുന്നു. അല്ലാഹു സർവ ലോകത്തിന്റേയും പരിപാലകനാണെന്ന് ഇതിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഈ വചനം ഇസ്‌ലാമിക വിശ്വാസങ്ങളുടെ വളയമാണ്. അല്ലാഹു കേവലം മുസ്‌ലിമീങ്ങളുടെ മാത്രം പരിപാലകനോ അന്നദാതാവോ അല്ലെന്നും മറിച്ച്, എല്ലാ മനുഷ്യരുടേതുമാണെന്നും ഈ വചനങ്ങൾ ഓർമിപ്പിക്കുന്നു. അവൻ റഹ്മാനും റഹീമുമാണ്;പരമകാരുണികനും കരുണാമയനും! വർഗ വർണ വ്യത്യാസമില്ലാതെ തന്റെ എല്ലാ സൃഷ്ടികളുടേയും ആവശ്യങ്ങൾ പൂർത്തിയാക്കുന്നവനാണവൻ. ഈ വീക്ഷണത്തിന്റെ വെളിച്ചത്തിൽ എല്ലാ മനുഷ്യരും സമന്മാരാണെന്ന് യഥാർഥ മുസ്‌ലിമീങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. അതുകൊണ്ട് വിശ്വാസപരമായ അഭിപ്രായ വ്യത്യാസങ്ങൾ മാറ്റി വെച്ചുകൊണ്ട് പ്രത്യക്ഷമായ അന്തസും ആദരവും എളിമത്തവും പോലെയുള്ള മൂല്യങ്ങൾ സമൂഹത്തിന്റെ അടിസ്ഥാനമാക്കേണ്ടതാണ്. അൽ ബഖറ എന്ന അധ്യായത്തിലെ 139-ാം വചനത്തിൽ അതിസുന്ദരമായൊരു അടിസ്ഥാന തത്ത്വം വിശദീകരിച്ചിരിക്കുന്നു. മുസ്‌ലിമീങ്ങൾ അല്ലാഹുവിന്റെ വഴിയിൽ പദമൂന്നണമെന്നും അവന്റെ ഗുണങ്ങൾ സാംശീകരിക്കണമെന്നും ഇതിൽ വിശദീകരിക്കുന്നു. അല്ലാഹുവിന്റെ കാരുണ്യം ഓരോ വസ്തുവിനേയും വലയം ചെയ്തിരിക്കുന്നതായി മുമ്പേ പ്രസ്താവിച്ചതുപോലെ അവൻ എല്ലാ ജനങ്ങളുടേയും അന്നദാതാവുമാണ്; ഏതു വരെയെന്നാൽ നിഷേധികൾക്കുപോലും! അവനെതിരെ സംസാരിക്കുന്നവരേയും ലോകത്ത് അക്രമങ്ങൾ നടത്തുന്നവരെപോലും അല്ലാഹുവിന്റെ കാരുണ്യം വലയം ചെയ്തിരിക്കുന്നു.

ഇസ്‌ലാമിൽ ദൈവത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന രക്ഷാശിക്ഷ പരലോകവുമായാണ് അധികവും ബന്ധപ്പെട്ടു നില്ക്കുന്നത്. ഇഹലോക ജീവിതത്തിൽ ലോകത്ത് അല്ലാഹു തന്റെ കാരുണ്യം വെളിപ്പെടുത്തുന്നു. തന്റെ ഗുണങ്ങളെ സ്വായത്തമാക്കണമെന്ന് ആഹ്വാനം ചെയ്യുന്ന അല്ലാഹു മറ്റുള്ളവരോട് കരുണയോടും ദയയോടുംകൂടി പെരുമാറണമെന്നും നിർദ്ദേശിക്കുന്നു. അതുകൊണ്ട് വിശ്വാസങ്ങളേയും സംസ്കാരത്തേയും വർഗവർണ വ്യത്യാസങ്ങൾ മാറ്റിവെച്ചു കൊണ്ട് ഇതരരുടെ ആവശ്യങ്ങൾ എന്നും പൂർത്തിയാക്കുക എന്നത് മുസ്‌ലിമീങ്ങളുടെ മതപരമായ കർത്തവ്യമാണ്. ദയയോടുകൂടി അവരോട് പെരുമാറാനും അവരുടെ വികാരങ്ങളെ മാനിക്കാനും അതു പറയുന്നു. മുഹമ്മദ് നബി(സ)യെ സർവ മനുഷ്യകുലത്തിനും കാരുണ്യമായിട്ടാണ് അല്ലാഹു നിയോഗിച്ചിട്ടുള്ളതെന്ന വാദവും വിശുദ്ധ ഖുർആൻ സമർപ്പിക്കുന്നു. നബി(സ)തിരുമേനി കാണിച്ച ദയ ഈ ഇസ്‌ലാമികാധ്യാപനങ്ങളുടെ പ്രവർത്തനപരമായ മാതൃകകളായിരുന്നു. ഇസ്‌ലാം എന്ന മതത്തിന്റെ അടിത്തറ ഇട്ടതിനു ശേഷം നബി(സ)തിരുമേനിക്ക് മക്കയിലെ അമുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് അക്രമപരമായ എതിർപ്പ് നേരിടേണ്ടി വന്നിരുന്നു. സീമാതീതമായ നിലയിലുള്ള ക്ഷമ പുലർത്തിയ നബി(സ) തിരുമേനി മർദനമുറകൾ അതിരു കടന്നപ്പോൾ മദീനയിലേക്ക് പാലായനം ചെയ്യുകയും ചെയ്തു. അവിടെ നബി(സ) തിരുമേനി അഭയാർഥികൾക്കും യഹൂദർക്കും ഇതര സമുദായങ്ങൾക്കുമിടയിൽ സമാധാന കരാറുണ്ടാക്കി. വിവിധ സമുദായങ്ങൾ സമാധാനത്തോടെ കഴിയാനും പരസ്പരമുള്ള കടമകൾ നിറവേറ്റാനും ദയയും സഹായവും ക്ഷമയും കാണിക്കാനും ഈ കരാർ വ്യവസ്ഥ ചെയ്യുന്നു.

സർക്കാറിന്റെ നേതാവായി നബി(സ)തിരുമേനി നിശ്ചയിക്കപ്പെട്ടു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയ കരാർ മനുഷ്യാവകാശങ്ങളുടേയും ഭരണം നടത്തുന്നതിന്റേയും ഗംഭീര ചാർട്ടർ എന്ന നിലയിൽ സ്ഥാപിതമായി. ഇത് വിവിധ ജനവിഭാഗങ്ങൾക്കിടയില് സമാധാനം ഉറപ്പു വരുത്തി.

ഇസ്‌ലാമിന്റെ പ്രവാചകൻ കലഹങ്ങൾ പരിഹരിക്കുന്നതിന് പക്ഷപാതം കാണിക്കാത്ത നീതിന്യായ വ്യവസ്ഥിതി സ്ഥാപിച്ചു. സമ്പന്നനും ശക്തിമാനും പാവപ്പെട്ടവനും നിരാലംബനും എല്ലാവർക്കുംവേണ്ടി ഒരേ നിയമമായിരുന്നു അത്. എല്ലാവരോടും ഭരണകൂടത്തിന്റെ നിയമമനുസരിച്ച് മാത്രമേ പെരുമാറുകയുള്ളൂ. ഉദാഹരണമായി, ഒരു സ്വാധീനമുള്ള സ്ത്രീ ഒരിക്കൽ ഒരു അപരാധം ചെയ്തു. ധാരാളമാളുകൾ ഈ അപരാധത്തെ അവഗണിക്കാൻ സമ്മർദം ചെലുത്താൻ ശ്രമിച്ചു. എന്നാൽ, നബി(സ) തിരുമേനി ആ നിർദേശം തള്ളുകയും തന്റെ മകൾ തെറ്റു ചെയ്താലും അവളോടും ഒരു വിട്ടുവീഴ്ചയും ചെയ്യുകയില്ലെന്നും നിയമപ്രകാരമുള്ള ശിക്ഷ നല്കപ്പെടുമെന്നും വ്യക്തമാക്കുകയും ചെയ്തു. ഉന്നതനിലവാരം പുലർത്തുന്ന വിദ്യാഭ്യാസ വ്യവസ്ഥിതി നബി (സ)തിരുമേനി സ്ഥാപിച്ചു. തന്മൂലം ഈ സമൂഹത്തിൽ പ്രകാശമാനമായ ചിന്തകളുടെ നിലവാരം ഉന്നത നിലയിലെത്തി. വിദ്യാ സമ്പന്നർക്കും സാക്ഷരരായവർക്കും നിരക്ഷരരെ സാക്ഷരരാക്കാനുള്ള

മാർഗനിർദ്ദേശം നല്കി. സമൂഹത്തിലെ അനാഥർക്കും ദുർബലർക്കും വിദ്യാഭ്യാസം നല്കുന്നതിന്നുവേണ്ടി സവിശേഷ സംവിധാനം ഒരുക്കപ്പെട്ടു. ദുർബല അവശ ജനങ്ങളെ സ്വന്തം കാലിൽ നിറുത്താനും അവരുടെ ഉയർച്ച സാധ്യമാക്കാനുംവേണ്ടിയാണ് ഈ സംവിധാനങ്ങളെല്ലാം തയ്യാറാക്കപ്പെട്ടത്. ടാക്സ് വ്യവസ്ഥിതിയും നടപ്പിലാക്കി. തന്മൂലം സമൂഹത്തിലെ സമ്പന്നരിൽനിന്നു ടാക്സ് പിരിച്ചെടുക്കുകയും ദരിദ്രർക്കുവേണ്ടി അത് ചെലവാക്കുകയും ചെയ്തു.

വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾക്കനുസരിച്ച് ഇസ്‌ലാമിന്റെ പ്രവാചകൻ(സ) കച്ചവടത്തിനും ചില മാനദണ്ഡങ്ങൾ സ്ഥാപിച്ചു. ഇതുമുഖേന കച്ചവടം നീതിയിലും വിശ്വാസത്തിലും അധിഷ്ഠിതമാണെന്ന് ഉറപ്പു വരുത്താൻസാധിച്ചു. അടിമത്ത സമ്പ്രദായം നിലനിന്നിരുന്ന അക്കാലഘട്ടത്തിൽ ഉടമ അടിമയുടെ മേൽ അങ്ങേയറ്റം നിഷ്കരുണമായി പെരുമാറിയിരുന്നു. ഇസ്‌ലാമിന്റെ പ്രവാചകൻ അക്കാലഘട്ടത്തിൽ സമൂഹത്തിൽ വമ്പിച്ച വിപ്ലവം സൃഷ്ടിച്ചു. അടിമകളോട് ദയയോടും ആദരവോടുംകൂടി പെരുമാറാൻ യജമാനന്മാരോട് കല്പിച്ചു. എണ്ണമറ്റ അവസരങ്ങളിൽ അവരെ സ്വതന്ത്രമാക്കാൻ തിരുമേനി(സ) ആഹ്വാനം ചെയ്തുകൊണ്ടിരുന്നു.

പൊതു ജനാരോഗ്യം സംരക്ഷിക്കാനുള്ള സംവിധാനവും നബി(സ)തിരുമേനിയുടെ നേതൃത്വത്തിൽ സ്ഥാപിതമായി. പട്ടണത്തിന്റെ ശുദ്ധീകരണത്തിനുള്ള പരിപാടികൾക്ക് കർമപദ്ധതി തയ്യാറാക്കി. ജനങ്ങൾക്ക് വ്യക്തി ശുചിത്വം, ആരോഗ്യസംരക്ഷണം എന്നിവയെ കുറിച്ചുള്ള അവബോധം നല്കുന്നതിന്നുള്ള വിദ്യാഭ്യാസം നല്കപ്പെട്ടു. പട്ടണത്തിലെ റോഡുകൾ വിശാലതയുള്ളതും മേൽത്തരവുമാക്കി വികസിപ്പിച്ചു. ജനങ്ങളുടെ ആവശ്യങ്ങൾ തിരിച്ചറിയാനും കൂടുതൽ വിവരങ്ങൾ കരസ്ഥമാക്കാനുംവേണ്ടി കാനേഷുമാരി സംവിധാനം കൊണ്ടുവന്നു. അതുകൊണ്ട്, ഏഴാം നൂറ്റാണ്ടിൽ ഇസ്‌ലാമിന്റെ പ്രവാചകന്റെ ഭരണസംവിധാനത്തിന് കീഴിൽ മദീനയിലെ വ്യക്തിപരവും സാമൂഹികവുമായ അവകാശ നിർവഹണ കാര്യത്തിൽ ശുദ്ധീകരണംകൊണ്ടു വരാൻവേണ്ടി വിസ്മയകരമായ കാൽ വെയ്പുകളുണ്ടായി. അറബ് ദേശത്ത് ആദ്യമായി സംസ്കാരസമ്പന്നവും വ്യവസ്ഥാപിതവുമായ സമൂഹങ്ങളുടെ സ്ഥാപനം സുനിശ്ചിതമായി. പല രംഗങ്ങളിൽ ഈ സമൂഹം മാതൃകാപരമായിരുന്നു. ഉദാഹരണത്തിന്, അടിസ്ഥാന വികസനം, സേവനങ്ങൾ, സർവോപരി വിവിധ സംസ്കാരങ്ങൾ നിലനിന്ന ഈ സമൂഹം ഐക്യത്തിന്റേയും ക്ഷമയുടേയും വിളനിലമായിരുന്നു. മുസ്‌ലിമീങ്ങൾ അവിടെ അഭയാർഥികളെത്തി. അവർ തദ്ദേശസമൂഹത്തിൽ ലയിച്ചു ചേർന്നു. അവിടുത്തെ പുരോഗതിയിലും നേട്ടത്തിലും തങ്ങളുടേതായ പങ്ക് അവർ നിർവഹിച്ചു.

ഇന്നത്തെ ലോകത്തും ഈ ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇസ്‌ലാമിന്റെ പ്രവാചകന്നെതിരിൽ ആക്ഷേപങ്ങൾ ഉയർത്തുന്നത് വളരെ ദുഖകരമായ കാര്യമാണ്. അദ്ദേഹത്തെ ഒരു യുദ്ധനേതാവ് എന്ന നിലയിൽ അവതരിപ്പിക്കുന്നു. യാഥാർഥ്യവുമായി ഒരു വിധ ബന്ധവുമില്ലാത്തതാണിത്. എന്നു മാത്രമല്ല, നബി(സ)തിരുമേനിയുടെ ജീവിതത്തിലെ ഓരോ നിമിഷവും ഇതരരുടെ അവകാശ സംരക്ഷണത്തിലാണ് കഴിഞ്ഞുപോയത്. ഇസ്‌ലാമികാധ്യാപനങ്ങൾ മുഖേന അദ്ദേഹം മനുഷ്യാവകാശങ്ങളുടെ നിസ്തുലവും സ്ഥായിയുമായ ചാർട്ടർ സ്ഥാപിക്കുകയാണ് ചെയ്തത്. ഉദാഹരണത്തിന്, ഇതരരുടെ വിശ്വാസത്തേയും വികാരത്തേയും മാനിക്കണമെന്ന അധ്യാപനവും ഇതരരുടെ പരിശുദ്ധ വ്യക്തികളെ വിമർശനത്തിനു കുറിമാനമാക്കുന്നതിൽനിന്നു വിട്ടുനില്ക്കാനുള്ള അധ്യാപനവും അദ്ദേഹം നല്കി. ഒരിക്കൽ ഒരു യഹൂദി നബി(സ) തിരുമേനിയുടെ വളരെയടുത്ത ഒരു ശിഷ്യനെതിരിൽ അദ്ദേഹത്തോട് പരാതി പറഞ്ഞു. അപ്പോൾ നബി(സ) തിരുമേനി പ്രസ്തുത ശിഷ്യനെ വിളിപ്പിച്ചു. ഇതു സംബന്ധമായി അന്വേഷണം നടത്തുകയും ചെയ്തു. നബി(സ) തിരുമേനിയേക്കാൾ ശ്രേഷ്ഠനാണ് ഹദ്റത്ത് മൂസാനബി(അ) എന്ന് ഈ യഹൂദി പറഞ്ഞതായി ശിഷ്യൻ പറഞ്ഞു. ഇക്കാര്യം സഹിക്കാൻ തനിക്ക് സാധിച്ചില്ലെന്നും അതുകൊണ്ട് കഠിനതരമായി പ്രതികരിച്ചുവെന്നും നബി(സ)തിരുമേനിയുടെ പദവി ഏറ്റവും ഉന്നതമാണെന്ന് മറുപടി നല്കിയെന്നും അയാൾ പറഞ്ഞു. നബി(സ) തിരുമേനി തന്റെ അനുചരനോട് നീരസം പ്രകടിപ്പിച്ചു. ഈ ചർച്ച യഹൂദിയുമായി നടത്തരുതായിരുന്നു എന്നും അദ്ദേഹത്തിന്റെ മതപരമായ വികാരത്തെ മാനിക്കണമായിരുന്നു എന്നും തുടർന്ന് അവിടന്ന് വ്യക്തമാക്കി. ഇതായിരുന്നു നബി(സ)തിരുമേനിയുടെ നിസ്തുലമായ അധ്യാപനങ്ങൾ. സ്നേഹത്തിനും ഐക്യത്തിനും നിദാനമാകുന്ന പ്രത്യക്ഷ ആദരവിന്റെ അടിസ്ഥാന തത്ത്വങ്ങളെ ഇന്നത്തെ കാലഘട്ടത്തിൽ സ്വാതന്ത്ര്യത്തിന്റെ പേരുംപറഞ്ഞു ബലികഴിക്കുകയാണ് ചെയ്യുന്നത്. ഏതു വരെയെന്നാൽ മതനേതാക്കളെ പരിഹസിക്കുന്നതിൽനിന്നും നിന്ദിക്കുന്നതിൽനിന്നും വിട്ടു നില്ക്കുന്നില്ല. പ്രവാചകന്മാരുടെമേൽ ഉന്നയിക്കുന്ന ഈ ആക്ഷേപങ്ങൾ കോടിക്കണക്കിന് മതാനുയായികളുടെ ദുഖത്തിനും കോപത്തിനും കാരണമായിരിക്കുന്നു. മറുവശത്ത് വിശുദ്ധ ഖുർആൻ ഇതരരുടെ ബിംബങ്ങളെപോലും മോശമായി പറയരുതെന്ന് പഠിപ്പിക്കുന്നു. കാരണം അതിൽ വിശ്വസിക്കുന്നവർക്ക് അത് പ്രയാസത്തിനു കാരണമാകും. മാത്രമല്ല, തൽഫലമായി അവർ ദൈവത്തേയും ആക്ഷേപത്തിനു പാത്രമാക്കും. ഇതു കാരണത്താൽ സമൂഹത്തിന്റെ സമാധാനത്തിനും ഐക്യത്തിനും ഭംഗമുണ്ടാകുന്നു.

ദരിദ്രരുടേയും പാവപ്പെട്ടവരുടേയും അവകാശങ്ങൾ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് അവരുടെ സാമൂഹികാവസ്ഥ നന്നാക്കുന്നതിന്നായും അവരുടെ സ്വാഭിമാനം നിഷേധിക്കപ്പെടാതിരിക്കാനും നബി(സ) തിരുമേനി വിവിധ സ്കീമുകളും പദ്ധതികളും ആരംഭിച്ചു. ജനങ്ങൾ അധികവും സമ്പന്നരുടേയും ശക്തരുടേയും സ്ഥാനത്തേയും പദവിയേയുമാണ് മാനിക്കുന്നത്. എന്നാൽ, മറ്റുള്ളവരുടെ വികാരത്തെ കുറിച്ച് വിചാരമില്ലാത്തതും സ്വാർഥപരമായ ചിന്ത വെച്ചുപുലർത്തുന്നതുമായ സമ്പന്നനെക്കാൾ സൽസ്വഭാവിയും സംസ്കാര സമ്പന്നനുമായ ഒരു ദരിദ്രനാണ് ഉത്തമനെന്ന് നബി(സ)തിരുമേനി വ്യക്തമാക്കിയിരിക്കുന്നു.

സമൂഹത്തിലെ അവശ വിഭാഗങ്ങളുടെ വികാരങ്ങൾക്ക് മുറിവേല്ക്കാതിരിക്കാൻ ചെറിയചെറിയ കാര്യങ്ങളിൽ പോലും നബി(സ)തിരുമേനി സവിശേഷ ശ്രദ്ധ കാണിച്ചിരുന്നു. സമ്മേളനങ്ങളിലും വിരുന്നുകളിലും എപ്പോഴും ദരിദ്രരേയും ദുർബലരേയുംകൂടി ക്ഷണിക്കണമെന്ന് നബി(സ)തിരുമേനി നിർദ്ദേശിച്ചിരിക്കുന്നു. സമ്പന്നരും ശക്തിയുള്ളവരും പാവപ്പെട്ടവരെ ബുദ്ധിമുട്ടിച്ചാൽ അവർക്ക് നീതിപൂർവം സഹായമെത്തിക്കാൻ സ്വന്തം അനുയായികൾക്ക് നബി(സ)തിരുമേനി ഉപദേശം നല്കിയിരുന്നു.

അടിമത്തത്തെ തുടച്ചു നീക്കാൻ നബി(സ)തിരുമേനി സദാ ശ്രമിച്ചു. സ്വന്തം അടിമകളെ സ്വതന്ത്രമാക്കാൻ അനുയായികളെ ആ മഹാത്മാവ് നിരന്തരം ഉപദേശിച്ചു. പെട്ടെന്ന് സ്വതന്ത്രമാക്കാൻ സാധിച്ചില്ലെങ്കിൽ ചുരുങ്ങിയത് അവർക്ക് നല്കുന്ന വസ്ത്രത്തിലും ഭക്ഷണത്തിലും സ്വന്തത്തെ പോലെ ശ്രദ്ധ വെക്കാനും ഉപദേശിച്ചു.

ഉയർന്നു വരാറുള്ള മറ്റൊരു പ്രശ്നം സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ചാണ്. അതായത് ഇസ്‌ലാം സ്ത്രീകളുടെ അവകാശങ്ങൾ നിർവഹിക്കുന്നില്ലെന്ന്! യാഥാർഥ്യവുമായി വിദൂര ബന്ധം പോലുമില്ലാത്ത കാര്യമാണിത്. എന്നുമാത്രമല്ല, ഇസ്‌ലാം തന്നെയാണ് ആദ്യമായി സ്ത്രീകളുടേയും പെൺകുട്ടികളുടേയും അവകാശങ്ങൾ സ്ഥാപിച്ചത്. സ്ത്രീകളോടും പെൺകുട്ടികളോടും വിവേചനപരമായി പെരുമാറുകയും നിന്ദാ ദൃഷ്ടിയോടെ അവരെ കാണുകയും ചെയ്തിരുന്ന കാലഘട്ടത്തിലാണ് ഈ അവകാശങ്ങൾ ഇസ്‌ലാം സ്ഥാപിച്ചത്. സ്ത്രീകൾക്ക് വിദ്യാഭ്യാസം നല്കുന്നുവെന്നും ആദരവ് നല്കുന്നുവെന്നും ഉറപ്പു വരുത്താൻ അനുയായികൾക്ക് നബി(സ)തിരുമേനി മാർഗനിർദ്ദേശം നല്കി. ഏതെങ്കിലും വ്യക്തിക്ക് മൂന്ന് പെൺമക്കളുണ്ടാകുകയും അവർക്ക് വിദ്യാഭ്യാസം നല്കുകയും നേരായ വഴിയിൽ അവരെ നടത്തുകയും ചെയ്താൽ അയാൾക്ക് സ്വർഗ്ഗം ലഭിക്കുമെന്ന സുവാർത്തയുണ്ടെന്നുപോലും നബി(സ)തിരുമേനി പ്രഖ്യാപിച്ചിരിക്കുന്നു. ജിഹാദിലൂടെയും അമുസ്‌ലിമീങ്ങളെ കൊലപ്പെടുത്തിക്കൊണ്ടും മനുഷ്യന് സ്വർഗ്ഗത്തിൽ പോകാമെന്ന തീവ്രവാദികളുടെ വാദമുഖങ്ങൾക്ക് ഘടക വിരുദ്ധമാണിത്. സ്വർഗ്ഗത്തിലേക്ക് പോകാനുള്ള വഴി പെൺകുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നല്കലും സ്വഭാവപരമായ മൂല്യങ്ങൾ പഠിപ്പിക്കലുമാണെന്ന് ഇസ്‌ലാമിന്റെ പ്രവാചകൻ പഠിപ്പിച്ചിരിക്കുന്നു.

ഇതേ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ അഹ്മദീ മുസ്‌ലിമീങ്ങൾ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നല്കി വരുന്നു. വിവിധ രംഗങ്ങളിൽ അവർ ഉദാത്തമായ പ്രവർത്തനം കാഴ്ചവെച്ചു വരുന്നു. നമ്മുടെ പെൺകുട്ടികൾ ഡോക്ടറായി മാറുന്നു. അധ്യാപികമാരായും ആർക്കിടെക്റ്റുമാരായും ഇതര വിഭാഗങ്ങളിലും അവർ പ്രവൃത്തിച്ചു വരുന്നു. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഒരുപോലെ വിദ്യാഭ്യാസം കരസ്ഥമാക്കാനുള്ള അവസരം ലഭിക്കുന്നു. പുരോഗതി പ്രാപിച്ചു വരുന്ന രാഷ്ട്രങ്ങളിൽ അഹ്മദി മുസ്‌ലിം പെൺകുട്ടികളുടെ സാക്ഷരതാ നിലവാരം ഏറ്റവും ചുരുങ്ങിയത് 99 ശതമാനമാണ്.

കൂടാതെ നബി(സ)തിരുമേനി അയൽവാസികളുടെ അവകാശങ്ങളെ കുറിച്ചും വളരെയധികം ഊന്നിപ്പറഞ്ഞിരിക്കുന്നു. അയൽവാസികൾക്കും അനന്തരാവകാശ സ്വത്തിൽ അവകാശം നൽകാൻ കൽപ്പിക്കുമോ എന്ന് സംശയിക്കുംവിധം അല്ലാഹു ഊന്നൽ നല്കിയിരുന്നതായി ആ മഹാത്മാവ് വ്യക്തമാക്കുകയുണ്ടായി. അവിടന്ന് വർഗ വർണ കുല വിവേചനങ്ങൾക്കതീതമായി മനുഷ്യാവകാശങ്ങളെ ആഗോളതലത്തിൽ സുസ്ഥാപിതമാക്കി. വിദ്യാഭ്യാസത്തിനു എത്ര പ്രാധാന്യം നല്കിയരുന്നതായി ഞാൻ സൂചിപ്പിച്ചു. ഇസ്‌ലാമിക ചരിത്രത്തിലെ ആദ്യയുദ്ധത്തിന്നുശേഷം ഇതിന്നുള്ള ഉദാഹരണം നമുക്ക് കാണാം. സാധന സാമഗ്രികളുടേയും ആയുധങ്ങളുടേയും കുറവുണ്ടായിരുന്നിട്ടുകൂടി അല്ലാഹുവിന്റെ സഹായത്തോടെ തങ്ങളേക്കാൾ എത്രയോ ഇരട്ടി പ്രബല ശക്തിയായിരുന്ന മക്കക്കാർക്കെതിരിൽ മുസ്‌ലിമീങ്ങൾക്ക് ആധിപത്യം നല്കി. സമൂഹത്തിലെ നിരക്ഷരരെ എഴുതാനും വായിക്കാനും പഠിപ്പിച്ചാൽ സാക്ഷരരായ യുദ്ധത്തടവുകാരെ സ്വതന്ത്രമാക്കാം എന്ന നിബന്ധന നബി(സ)തിരുമേനി മുന്നോട്ടു വെച്ചു. പല നൂറ്റാണ്ടുകൾക്കു മുമ്പേതന്നെ ഇസ്‌ലാമിന്റെ പ്രവാചകൻ(സ) യുദ്ധത്തടവുകാരുടെ സംസ്കരണത്തിനും അവരെ സമൂഹത്തിന്റെ പ്രയോജനകരമായ വ്യക്തികളാക്കുന്നതിനുംവേണ്ടി വിജയപ്രദമായ മാതൃക സ്ഥാപിച്ചു കാണിച്ചു.

ഇസ്‌ലാം യുദ്ധങ്ങളുടേയും തർക്കവിതർക്കങ്ങളുടേയും മതമാണെന്ന ആക്ഷേപം ഉയർത്തപ്പെടുന്നു. സർവ മനുഷ്യകുലത്തിനും മതസ്വാതന്ത്ര്യവും ചിന്താ സ്വാതന്ത്ര്യവും സ്ഥാപിക്കാനും സംരക്ഷിക്കാനും വേണ്ടി

ശേഷം പേജ് 12 ൽ

പേജ് 5 ൽ നിന്ന്

അതിലുണ്ടായിരുന്നു. അറേബ്യയിലെ വിഖ്യാതഗോത്രങ്ങളിൽനിന്നു പങ്കെടുത്തവരിൽ അസ്ദ് ഗോത്രത്തിൽനിന്നുമാത്രം പത്തായിരത്തിലധികം പേരുണ്ടായിരുന്നു. ഹിംയർ ഗോത്രത്തിന്റെ ഒരു വലിയ സംഘവുമുണ്ടായിരുന്നു. ഹംദാൻ, ഖൗലാൻ, ലഹ്മ്, ജുവാം തുടങ്ങിയ ഗോത്രങ്ങളിലെ പ്രഗത്ഭരായ വീരയോദ്ധാക്കളും ഉണ്ടായിരുന്നു. സ്ത്രീകളും ആ യുദ്ധത്തിൽ പങ്കെടുത്തത് അതിന്റെ ഒരു സവിശേഷതയാണ്. അവരും വളരെ ധൈര്യസമേതം പൊരുതുകയുണ്ടായി. അമീർ മുആവിയായുടെ മാതാവ് അബൂസുഫിയാന്റെ ഭാര്യ ഹിന്ദ് -അവർ നബിയുടെ കാലത്ത് ഇസ്‌ലാം സ്വീകരിച്ചിരുന്നു- പൊരുതി മുന്നേറിക്കൊണ്ട് ഇങ്ങനെ അത്യുച്ചത്തിൽ വിളിച്ചു പറയുന്നുണ്ടായിയുന്നു: 'ഈ കാഫിരീങ്ങളെ നിങ്ങൾ വാളുകൾകൊണ്ട് തുണ്ടം തുണ്ടമാക്കുക.' അതുപോലെ അബൂസുഫിയാന്റെ മകളും അമീർ മുആവിയായുടെ സഹോദരിയുമായി ജുവയ്രിയ്യ ഒരു സംഘത്തോടൊപ്പം പുറപ്പെട്ടുകൊണ്ട് തന്റെ ഭർത്താവിന്റെ കൂടെ റോമൻ സൈന്യത്തെ നേരിടുകയും ഒരു വൻപോരാട്ടത്തിനുശേഷം ശഹീദാവുകയും ചെയ്തു. ആകർഷണീയമായ ശബ്ദത്തിന്റെ ഉടമയായ മിഖ്ദാദ്, ജിഹാദിനെ കുറിച്ച് പരാമർശമുള്ള സൂറ അൻഫാൽ ഓതിക്കൊണ്ട് സൈന്യത്തിന് മുൻനിരയിൽ നടക്കുന്നുണ്ടായിരുന്നു.

മറുവശത്ത് റോമക്കാരുടെ അവസ്ഥ എന്തായിരുന്നെന്നാൽ, മുപ്പതിനായിരംപേർ തങ്ങളുടെ കാലുകളിൽ കൂച്ചുവിലങ്ങിട്ടുകൊണ്ട് പിറകോട്ടടിക്കാനുള്ള ചിന്തപോലും വരാത്ത വിധത്തിലായിരുന്നു ഉണ്ടായിരുന്നത്. അവർ പരസ്പരം കാലുകൾ ബന്ധിച്ച നിലയിലായിരുന്നു.

യുദ്ധത്തിന് തുടക്കം കുറിച്ചത് റോമക്കാരായിരുന്നു. രണ്ടുലക്ഷം പേരടങ്ങുന്ന ഒരു വൻ സൈനിക വ്യൂഹം ഒരുമിച്ചു മുന്നേറി. ആയിരക്കണക്കിന് പാതിരിമാരും ബിഷപ്പുമാരും കുരിശുമേന്തി മുന്നേറുകയും ഹദ്റത്ത് ഈസക്ക് ജയ് വിളിച്ചുകൊണ്ട് കുതിക്കുകയും ചെയ്തു. ഈ സർവ്വ സന്നാഹങ്ങളും കണ്ട് ഒരു മുസ്‌ലിമിന്റെ നാവിൽനിന്നു അനിയന്ത്രിതമായി 'അല്ലാഹു അക്ബർ! എത്ര വമ്പിച്ച സൈന്യമാണ്' എന്ന വാക്യം പുറത്തുവന്നു. ഹദ്റത്ത് ഖാലിദ് ദേഷ്യത്തോടെ പറഞ്ഞു: 'മിണ്ടിപ്പോകരുത്. അല്ലാഹുവാണ! എന്റെ കുതിരയുടെ കുളമ്പ് നല്ലതായിരുന്നെങ്കിൽ ക്രിസ്ത്യാനികളോട് ഇതേപോലെ വേറൊരു സൈന്യത്തെയും കൂടെക്കൂട്ടാൻ ഞാൻ പറഞ്ഞേനെ.' അങ്ങനെ ക്രിസ്ത്യാനികൾ വളരെ ശക്തിമത്തായ നിലയിൽ ആക്രമണം അഴിച്ചുവിട്ടു. അമ്പുകളുടെ മഴ അവർ വർഷിച്ചു. മുസ്‌ലിമീങ്ങൾ ദീർഘനേരം അടിയുറച്ച് നിലകൊണ്ടു എങ്കിലും ആക്രമണത്തിന്റെ തീവ്രത കാരണം അവരുടെ സൈന്യത്തിന്റെ വലതുഭാഗം ഛിന്നിച്ചിതറുകയും ക്രമം തെറ്റി പിറകോട്ടടിക്കുകയും ചെയ്തു. പരാജിത വിഭാഗം പിറകോട്ടേക്ക് നീങ്ങി നീങ്ങി സ്ത്രീകളുടെ കൂടാരംവരെ എത്തി. മുസ്‌ലിമീങ്ങളുടെ ഈ അവസ്ഥ കണ്ട സ്ത്രീകൾ പ്രകോപിതരാവുകയും കൂടാരങ്ങൾ നാട്ടിയ മരക്കമ്പുകൾ പിഴുതെടുത്ത്, 'പരാജയം ഏറ്റുവാങ്ങി ഇങ്ങോട്ട് വന്നാൽ വടികൊണ്ട് നിങ്ങളുടെ തല തല്ലിത്തകർക്കുന്നതാണ്' എന്ന് വിളിച്ച് പറയുകയും ചെയ്തു. അബൂസുഫിയാന്റെ ഭാര്യ ഹിന്ദ് വടിയുമായി മുന്നോട്ട് വന്നു. മറ്റു സ്ത്രീകളും അവരെ പിന്തുടർന്ന് വന്നു. അബൂസുഫിയാൻ ഓടുന്നതു കണ്ടപ്പോൾ ഹിന്ദ് അദ്ദേഹത്തിന്റെ കുതിരയുടെ മുഖത്ത് കമ്പികൊണ്ട് അടിക്കുകയും എങ്ങോട്ടാണ് ഓടുന്നത്, യുദ്ധമൈതാനത്തേക്ക് തിരിച്ച് പോവുക എന്ന് പറയുകയും ചെയ്തു.

മറ്റൊരു നിവേദനത്തിൽ ഇപ്രകാരം വന്നിരിക്കുന്നു. ഹിന്ദ് മരക്കമ്പെടുത്ത് അബൂസുഫിയാന്റെ നേരെ കുതിച്ചു. എന്നിട്ട് പറഞ്ഞു: 'അലാഹുവാണ! സത്യദീനിനെ എതിർക്കാനും അല്ലാഹുവിന്റെ സത്യ റസൂലിനെ വ്യാജപ്പെടുത്താനും നിങ്ങൾ ശക്തമായി അധ്വാനിച്ചിരുന്നു. യുദ്ധമൈതാനത്ത് സത്യദീനിന്റെ പെരുമക്കും അല്ലാഹുവിന്റെ റസൂലിന്റെ പ്രീതിക്കുംവേണ്ടി സ്വന്തം ജീവൻ ബലി കഴിക്കാനും ദൈവസമക്ഷം പ്രസന്നവദനനായി നിൽക്കാനും ഇന്ന് അവസരമുണ്ട്.'

അതുകേട്ട് അബൂ സുഫിയാനിൽ ധാർമികരോഷം ഉണർന്നു. അദ്ദേഹം പുറന്തിരിയുകയും കൈയിൽ വാളുമേന്തി ശത്രുക്കളുടെ സൈനിക വ്യൂഹത്തെ ഭേദിച്ച് പരാക്രമണം നടത്തുകയും ചെയ്തു. ഖൗല എന്ന പേരുള്ള ഒരു ധീര മുസ്‌ലിം വനിത ഇങ്ങനെ യുദ്ധഗീതം ആലപിച്ച് സൈനികർക്ക് ആവേശം പകരുന്നുണ്ടായിരുന്നു.

**യാ ഹാരിബൻ അൻ നിസ്‌വത്തിൻ തഖിയ്യാത്തീ**
**ഫഅൻ ഖലീലിൻ മാ തറാ സബിയ്യാത്തീ**
**വലാ ഹള്ളിയ്യാത്തിൻ വലാ റളിയ്യാത്തീ**

അല്ലയോ തഖ്‌വായുള്ള സ്ത്രീകളെ വിട്ട് ഓടിരക്ഷപെടുന്നവനേ! പെട്ടെന്നുതന്നെ നീ അവരെ ബന്ദികളായി കാണുന്നതായിരിക്കും. പിന്നീടവർ കുലീനതയുള്ളവരോ പ്രിയമുള്ളവരോ ആയിരിക്കില്ല. ഈ അവസ്ഥ കണ്ട് വലതുപക്ഷത്തെ ഒരു ഭാഗത്തിന്റെ മേൽനോട്ടച്ചുമതല ഉണ്ടായിരുന്ന മുആദ് ബിൻ ജബൽ തന്റെ കുതിരയിൽനിന്നു താഴേക്കു ചാടുകയും താൻ കാലാൾപ്പടയായി യുദ്ധം ചെയ്യാൻ തയ്യാറാണെന്നും എന്നാൽ, തന്റെ ഈ കുതിരക്കർഹനായ ഒരു ധീരപോരാളി ഇതിനെ ഏറ്റെടുക്കുകയാണെങ്കിൽ അതിനെ ഞാൻ നൽകുന്നതാണെന്നും പറയുകയുണ്ടായി. അദ്ദേഹത്തിന്റെ മകൻ പറഞ്ഞു: 'ആ കടമ ഞാൻ നിറവേറ്റുന്നതായിരിക്കും. കാരണം കുതിരസവാരി ചെയ്ത് എനിക്ക് കൂടുതൽ നന്നായി പൊരുതാനാകും.' അങ്ങനെ പിതാവും പുത്രനും ശത്രു സൈന്യത്തിൽ നുഴഞ്ഞു കയറുകയും ധൈര്യസമേതം യുദ്ധം ചെയ്യുകയും ചെയ്തു. അപ്പോൾ കാലിടറിയ മുസ്‌ലിം സൈന്യത്തിന് വീണ്ടും സ്ഥൈര്യം ലഭിച്ചു. അതുപോലെ സുബയ്ദ ഗോത്രതലവനായ ഹജ്ജാജ് അഞ്ഞൂറ് ആളുകളുമായി പടനയിക്കുകയും മുസ്‌ലിമീങ്ങളെ പിന്തുടർന്നിരുന്ന ക്രിസ്ത്യാനി സംഘത്തെ തടയുകയും ചെയ്തു. മുസ്‌ലിം സൈന്യത്തിന്റെ വലത് പക്ഷത്തുള്ള അസ്ദ് ഗോത്രം യുദ്ധാരംഭം മുതൽതന്നെ സ്ഥൈര്യം കാഴ്ചവെച്ചിരുന്നു. ക്രിസ്ത്യാനികൾ അവർക്കുമേൽ സർവശക്തിയും ചെലുത്തിയെങ്കിലും അവർ പർവ്വത സമാനം അടിയുറച്ച് നിലകൊണ്ടു. യുദ്ധം എത്രത്തോളം കൊടുമ്പിരികൊണ്ടിരുന്നുവെന്നാൽ നാലു ഭാഗത്തുനിന്നും സൈനികരുടെ കൈകാലുകൾ വെട്ടിവീഴ്ത്തപ്പെട്ടിട്ടും അവരുടെ സ്ഥൈര്യത്തിന് ഒരു കുലുക്കവും സംഭവിച്ചില്ല. ഗോത്രത്തലവനായിരുന്ന അംറ് ബിൻ ത്വുഫയ്ൽ നിരന്തരം വാൾപയറ്റ് നടത്തുകയും തന്റെ ഗോത്രക്കാരെ ഇങ്ങനെ പറഞ്ഞ് ആവേശം കൊള്ളിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. 'അല്ലയോ അസദുകാരേ! നിങ്ങൾ കാരണം മുസ്‌ലിമീങ്ങൾക്ക് കളങ്കം ഉണ്ടാവാതെ നോക്കണം.' ഒമ്പത് വലിയ വലിയ യുദ്ധപോരാളികൾ അദ്ദേഹത്തിന്റെ കരങ്ങളാൽ വധിക്കപ്പെടുകയും അവസാനം അദ്ദേഹം സ്വയം ശഹീദാവുകയും ചെയ്തു. ഹദ്റത്ത് ഖാലിദ് തന്റെ സൈന്യത്തെ പിറകിൽ നിറുത്തിയതായിരുന്നു. പൊടുന്നനെ അദ്ദേഹം അണികൾ ഭേദിച്ച് മുന്നോട്ട് കുതിക്കുകയും ശക്തമായ കടന്നാക്രമണം നടത്തി റോമക്കാരുടെ അണികളുടെ താളം തെറ്റിക്കുകയും ചെയ്തു. അബൂജഹലിന്റെ മകനായിരുന്ന ഇക്‌രിമ തന്റെ കുതിരയുമായി മുന്നോട്ടാഞ്ഞുകൊണ്ട് ഇങ്ങനെ വിളിച്ചു പറഞ്ഞു: 'അല്ലയോ ക്രിസ്ത്യാനികളേ! ഒരു കാലത്ത് ഞാൻ കുഫ്ഫാറിന്റെ അവസ്ഥയിൽ നബി(സ)തിരുമേനിക്കെതിരെ യുദ്ധം ചെയ്തിരുന്നു. എന്നിരിക്കെ നിങ്ങളുമായി പൊരുതുന്നതിൽനിന്ന് എന്റെ കാലുകൾ പിറകോട്ടടിക്കുമോ?' അതും പറഞ്ഞു അദ്ദേഹം തന്റെ സൈന്യത്തിനുനേരെ മുഖം തിരിച്ചു ചോദിച്ചു: 'മരിക്കാൻ സജ്ജരായി എന്റെ കൈയിൽ ബയ്അത്തു ചെയ്യാനാരാണുള്ളത്?' ളിറാർ ബിൻ അസദ് അടക്കം നാനൂറുപേർ 'മരണ ബയ്അത്ത്' ചെയ്യുകയും വളരെ സ്ഥൈര്യത്തോടെ പൊരുതുകയും ഏതാണ്ട് എല്ലാവരും അവിടെത്തന്നെ വെട്ടിവീഴ്ത്തപ്പെടുകയും ചെയ്തു. വധിക്കപ്പെട്ടവരുടെ മൃതദേഹങ്ങളുടെ കൂമ്പാരത്തിൽനിന്നു ഇക്‌രിമയെ കണ്ടെടുത്തു. അൽപം ശ്വാസം മാത്രം അദ്ദേഹത്തിൽ ബാക്കിയുണ്ടായിരുന്നു. ഖാലിദ് അദ്ദേഹത്തിന്റെ ശിരസ്സ് തന്റെ മടിയിൽവെച്ചു. അദ്ദേഹത്തിന്റെ തൊണ്ടയിലേക്ക് ഒരു തുള്ളി വെള്ളം ഇറ്റിച്ചുകൊണ്ട് പറഞ്ഞു: 'അല്ലാഹുവാണ! നമ്മൾ ശഹീ


## ഹദീഥുന്നബ്‌വി(സ):

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**

*(അബൂദാവൂദ്, കിതാബുൽമനാസിക്)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## ഹദീഥുന്നബ്‌വി(സ):

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

ദായി മരിക്കുകയില്ലന്ന ഉമറിന്റെ ധാരണ തെറ്റിയിരിക്കുന്നു. അങ്ങനെ ഇക്‌രിമയും കൂട്ടരും വധിക്കപ്പെട്ടെങ്കിൽകൂടി റോമക്കാരുടെ ആയിരങ്ങളെ അവർ കൊന്നൊടുക്കുകയുണ്ടായി.'

തുടർന്നുണ്ടായ ഖാലിദിന്റെ ആക്രമണവും അവരുടെ ശക്തി ക്ഷയിപ്പിച്ചു. ഒടുക്കം അവർക്ക് പിൻവാങ്ങേണ്ടി വരികയും ഖാലിദ് അവരെ അടിച്ചമർത്തിക്കൊണ്ട് അവരുടെ സൈന്യാധിപനായ ദുറുഞ്ചാറിന്റെ അടുത്തെത്തുകയും ചെയ്തു. അയാളും റോമൻ ഓഫീസർമാരും തൂവാലകൊണ്ട് കണ്ണുകൾ കെട്ടിയിട്ടുണ്ടായിരുന്നു. കാരണം യുദ്ധവിജയം കാണാൻ സാധിച്ചില്ലെങ്കിൽ പരാജയം ഏറ്റുവാങ്ങുന്നത് കാണാൻ ഇടവരരുത് എന്നവർ കരുതിയിരുന്നു. അതേ സമയത്തുതന്നെ സൈന്യത്തിന്റെ വലതുഭാഗത്ത് യുദ്ധം കൊടുമ്പിരിക്കൊണ്ടിരുന്നു. റോമൻ സൈന്യത്തിന്റെ വലതുപക്ഷത്തിന്റെ പടനായകനായിരുന്ന ഇബ്നി ഖാനാത്തീർ ഇസ്‌ലാമിക സൈന്യത്തിന്റെ വലത് ഭാഗത്തെ കടന്നാക്രമിക്കുകയുമുണ്ടായി. ദൗർഭാഗ്യവശാൽ അതിലുണ്ടായിരുന്ന ഏറിയ പങ്കും ലഹ്‌മ്, ഗസ്സാൻ ഗോത്രക്കാരായിരുന്നു. അവർ സിറിയയുടെ പ്രാന്തങ്ങളിൽ അധിവസിക്കുന്നവരായിരുന്നു. അവർ കുറെ കാലമായി റോമക്കാർക്ക് കപ്പം കൊടുത്തുവന്നിരുന്നു. റോമക്കാർക്ക് ടാക്സ് നൽകുന്നവർ ആയതിനാൽ അവരെ കുറിച്ച് ഉൾഭയമുണ്ടായിരുന്നു. അതിന്റെ പരിണതഫലമായി ആദ്യത്തെ ആക്രമണത്തിൽത്തന്നെ അവരുടെ കാലിടറി. മുസ്‌ലിമീങ്ങൾ ആയതിനു ശേഷവും അവരെ കുറിച്ചുള്ള ആ പഴയ ഭയം അവരിൽ അവശേഷിച്ചിരുന്നു. അതുകൊണ്ടുതന്നെ അവർ ഭയംകൊണ്ട് നിക്കക്കള്ളിയില്ലാത്തവരായി. എന്തായാലും ഓഫീസർമാർ വളരെയധികം ധൈര്യം പ്രദർശിപ്പിക്കുകയുണ്ടായി. അങ്ങനെ സംഭവിച്ചില്ലായിരുന്നുവെങ്കിൽ അതോടെ യുദ്ധം അവിടെ അവസാനിച്ചേനെ. റോമക്കാർ പിന്തിരിഞ്ഞോടിയവരെ പിന്തുടർന്നു കൂടാരങ്ങളുടെ അടുത്തെത്തി. സ്ത്രീകൾ ആ അവസ്ഥ കണ്ട് അനിയന്ത്രിതമായി പുറപ്പെടുകയും അവരുടെ വീരശൂരത ക്രിസ്ത്യാനികളുടെ മുന്നേറ്റത്തെ തടയുകയും ചെയ്തു. സൈന്യത്തിന് ധൈര്യക്ഷയം സംഭവിച്ചിരുന്നെങ്കിൽകൂടി ഓഫീസർമാരായ ഖുബാഥ് ബിൻ അശ്‌യം, സഈദ് ബിൻ സയ്ദ്, യസീദ് ബിൻ അബി സുഫിയാൻ, അംറ് ബിൻ ആസ്, ശുറഹ്ബീൽ ബിൻ ഹസന എന്നിവർ അവർക്ക് അടിക്കടി ധൈര്യം പകർന്നുകൊണ്ടിരുന്നു. ഖുബാഥിന്റെ കൈയിൽനിന്നു വാളുകളും കുന്തങ്ങളും തകർന്നു വീണുകൊണ്ടിരുന്നെങ്കിലും അദ്ദേഹത്തിന്റെ ശൂരതക്ക് ഒരു കുറവും സംഭവിച്ചില്ല. തന്റെ കൈയിലുള്ള കുന്തം മുറിഞ്ഞു വീഴുമ്പോൾ യുദ്ധ മൈതാനത്തുനിന്ന് പിന്തിരിയുകയാണെകിൽ മരിച്ചുകൊണ്ടു മാത്രമേ പിന്തിരിയുകയുള്ളൂ എന്ന് അല്ലാഹുവിനോട് ശപഥം ചെയ്ത ഈ മനുഷ്യന് ആരെങ്കിലും ആയുധം നൽകൂ എന്ന് അദ്ദേഹം പറയുമായിരുന്നു. ആളുകൾ ഉടനെ അദ്ദേഹത്തിന് വാളോ കുന്തമോ കൊണ്ടുവന്നു കൊടുക്കുകയും അദ്ദേഹം വീണ്ടും സിംഹത്തെപോലെ ശത്രുക്കൾക്കുമേൽ ചാടി വീഴുകയും ചെയ്തിരുന്നു. അബുൽ അഅ്‌വർ കുതിരപ്പുറത്തു നിന്നു ചാടി തന്റെ സൈന്യത്തെ സംബോധന ചെയ്ത് ഇപ്രകാരം പറഞ്ഞു: 'ക്ഷമയും സ്ഥൈര്യവും മുഖേന ഈ ലോകത്ത് അന്തസ്സ് ലഭിക്കുകയും പരലോകത്ത് കാരുണ്യം കരസ്ഥമാകുകയും ചെയ്യുന്നതാണ്. ഈ സമ്പത്ത് കൈമോശം വരാതെ നിങ്ങൾ സൂക്ഷിക്കുക.' സയീദ് ബിൻ സയ്ദ് കോപത്താൽ മുട്ടുകുത്തി നിൽക്കുകയായിരുന്നു. റോമക്കാർ അദ്ദേഹത്തിനു നേരെ വന്നപ്പോൾ അദ്ദേഹം സിംഹത്തെ പോലെ ചാടി വീഴുകയും മുൻനിരയിലെ ഓഫീസറെ വെട്ടിവീഴ്ത്തുകയും ചെയ്തു. മുആവിയായുടെ സഹോദരനായ യസീദ് ബിൻ അബി സുഫിയാൻ വളരെ സ്ഥൈര്യത്തോടെ പൊരുതുകയായിരുന്നു. യാദൃച്ഛികമായി സൈന്യത്തിന് ആവേശം പകർന്നുകൊണ്ടിരുന്ന അബൂ സുഫിയാൻ അദ്ദേഹത്തിന്റെ അടുക്കലെത്തി. തന്റെ മകനെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ മകനേ! ഈ നേരത്ത് യുദ്ധ മൈതാനത്ത് ഓരോരോ സൈനികനും തന്റെ വീരശൂര പരാക്രമങ്ങൾ പ്രദർശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. നീ പടത്തലവനാണ്. അതുകൊണ്ടുതന്നെ പടയാളികളെക്കാളും കൂടുതലായി നീ ധൈര്യം കാഴ്ചവെക്കേണ്ടതുണ്ട്. നിന്റെ സൈന്യത്തിലുള്ള ഒരാൾപോലും ഈ മൈതാനത്ത് നിന്നെ കവച്ചുവെച്ചാൽ അത് നിനക്ക് നാണക്കേടാണ്.' ശുറഹ്ബീലിന്റെ അവസ്ഥ ഇതായിരുന്നു: 'റോമക്കാർ അദ്ദേഹത്തെ നാലു ഭാഗത്തുനിന്ന് വളഞ്ഞിരുന്നു. അദ്ദേഹം അവരുടെ മധ്യത്തിൽ പർവ്വത സമാനം തലയെടുപ്പോടെ നിലകൊള്ളുകയും ഈ ഖുർആനിക വചനം ഓതിക്കൊണ്ടിരിക്കുകയും ചെയ്തു;

**ഇന്നല്ലാഹശ്ത്തറാമിനൽമുഅ്മിനീന അൻഫുസഹും വ അംവാലഹും ബി അന്ന ലഹുമുൽ ജന്നത്ത. യുഖാത്തിലൂനെ ഫീ സബീലില്ലാഹി ഫയഖ്ത്തുലൂന വ യുഖ്ത്തലൂന**(9:11) തീർച്ചയായും സത്യവിശ്വാസികളിൽനിന്ന്, 'അവർക്ക് സ്വർഗമുണ്ട്' എന്ന ഉറപ്പിന്മേൽ അല്ലാഹു അവരുടെ ജീവനും ധനവും വിലക്കുവാങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ അവർ പൊരുതുന്നു. അങ്ങനെ അവർ ശത്രുക്കളെ വധിക്കുകയും ചിലപ്പോൾ വധിക്കപ്പെടുകയും ചെയ്യുന്നു.' അല്ലാഹുവുമായി കച്ചവടം നടത്തുന്നവരും അല്ലാഹുവിന്റെ അയൽവാസിയാകാനാഗ്രഹക്കുന്നവരും എവിടെയെന്ന് അദ്ദേഹം വിളിച്ചു ചോദിച്ചിരുന്നു. ആ ശബ്ദം കേട്ടവരൊക്കെ വികാരധീനരായി തിരിച്ചു വരികയും കാലിടറിയ സൈന്യം വീണ്ടും നിയന്ത്രണ വിധേയമാകുകയും ചെയ്തു. ശുറഹ്ബീൽ അവരെ കൂട്ടി സധൈര്യം പൊരുതുകയും യുദ്ധമുന്നേറ്റം നടത്തിയിരുന്ന റോമൻ സൈന്യത്തെ തടയുകയും അതേ സമയം സ്ത്രീകൾ കൂടാരങ്ങളിൽ നിന്നു പുറത്തുവന്ന് സൈന്യത്തിന്റെ പിറകു വശത്ത് അണിനിരക്കുകയും മൈതാനത്തുനിന്നു പിറകോട്ടടിച്ചാൽ തങ്ങൾക്ക് മുഖം കാണിക്കേണ്ടെന്ന് ഉറക്കെ വിളിച്ചു പറയുകയും ചെയ്തു. യുദ്ധത്തിന്റെ രണ്ടു തട്ടുകളും ഏതാണ്ട് തുല്യമായിരുന്നു. റോമക്കാരുടെ തട്ടായിരുന്നു വിജയത്തിന്റെ കാര്യത്തിൽ കൂടുതൽ ഭാരമേറിയിരുന്നതെന്ന് വേണം പറയാൻ. പൊടുന്നനെ ഖയ്സ് ബിൻ ഹുബയ്റ പിറകിൽ നിന്നു മുന്നോട്ടുകുതിച്ചു. അദ്ദേഹത്തെ ഖാലിദ് സൈന്യത്തിന്റെ ഒരു ഭാഗം നൽകി ഇടതു പക്ഷത്തിന്റെ പിറകു വശത്ത് നിയമിച്ചതായിരുന്നു. അദ്ദേഹം മിന്നലാക്രമണം നടത്തുകയും റോമൻ പടനായകർ പരമാവധി ശ്രമിച്ചെങ്കിലും അവരുടെ സൈന്യം ചിതറി പോവുകയും ചെയ്തു. അണികളെല്ലാം ക്രമം തെറ്റുകയും ഭയന്ന് പിറകോട്ടടിക്കുകയും ചെയ്തു. അതേസമയം തന്നെ മധ്യഭാഗത്തുനിന്ന് സയീദ് ബിൻ സയ്ദ് മുന്നോട്ടുവന്നു ആക്രമിച്ചു. റോമക്കാർ വളരെ ദൂരം പിറകോട്ടടിച്ചു, ഏതുവരെയെന്നാൽ മൈതാനത്തിന്റെ അറ്റത്തുള്ള ചാലുവരെ അവർ എത്തിച്ചേർന്നു. കുറച്ചുസമയംകൊണ്ട് ആ ചാൽ അവരുടെ ശവങ്ങളാൽ നിറഞ്ഞു കവിയുകയും മൈതാനം പൂർണമായും കാലിയാവുകയും ചെയ്തു. അപ്രകാരം അല്ലാഹു മുസ്‌ലിമീങ്ങൾക്ക് ആ സുപ്രധാന നീക്കത്തിൽ മഹത്തായ വിജയം നൽകുകയുണ്ടായി.

ആ യുദ്ധത്തിലുള്ള ഒരു സംഭവം പ്രത്യേകം സ്മരാണാർഹമാണ്. യുദ്ധം കൊടുമ്പിരി കൊള്ളുന്ന സമയത്ത് വീരശൂര പരാക്രമിയായിരുന്ന ഹബ്ബാസ് ബിൻ ഖയ്സ് ശക്തമായ പോരാട്ടം നടത്തുകയായിരുന്നു. അപ്പോൾ ആരോ അദ്ദേഹത്തിന്റെ കാൽപാദത്തിൽ വാളുകൊണ്ട് വെട്ടുകയും അതവിടെ മുറിഞ്ഞു വീഴുകയും ചെയ്തു. ഹബ്ബാസ് അക്കാര്യം അറിഞ്ഞതുപോലുമില്ല. അൽപ സമയത്തിനുശേഷം പരിസരബോധം വീണ്ടെടുത്തപ്പോൾ തന്റെ കാൽപാദം എവിടെയെന്ന് അദ്ദേഹം തിരഞ്ഞു നടക്കുകയായിരുന്നു. കാലിനെന്താണ് പറ്റിയതെന്ന് നോക്കുമ്പോൾ കാൽപാദം വെട്ടി മാറ്റിയ നിലയിൽ കാണുകയുണ്ടായി. അദ്ദേഹത്തിന്റെ ഗോത്രക്കാർ ആ സംഭവം എപ്പോഴും അഭിമാനത്തോടെ സ്മരിക്കുമായിരുന്നു.

റോമക്കാരുടെ എത്രപേർ മരണപ്പെട്ടു എന്നതിൽ അഭിപ്രായഭിന്നതയുണ്ട്. ത്വബരിയും അസ്ദിയും എഴുതിയിട്ടുള്ളത് ലക്ഷത്തിലധികം എന്നാണ് എഴുതിയിരിക്കുന്നത്. ബിലാദിരി എഴുപതിനായിരമെന്നാണ് എഴുതിയിരിക്കുന്നത്. മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് മൂവായിരത്തിന്റെ നഷ്ടമാണ് ഉണ്ടായത്. അതിൽ ഇക്‌രിമത്ത്, ളിറാർ ബിൻ അസ്‌വർ, ഹിശാം ബിൻ ആസി, ഹാബാൻ ബിൻ സയീദ് എന്നിവരുണ്ട്. ഖയ്സർ അൻത്വാക്കിയായിലയിരുന്നു. പരാജയത്തെ കുറിച്ചു അറിഞ്ഞപ്പോൾ ഖിസ്ത്വൻത്വനിയിലേക്കുപോകാനുള്ള(കോൺസ്റ്റാന്റിനേപ്പിൾ)തയ്യാറെടുപ്പ് നടത്തി. പുറപ്പെട്ടപ്പോൾ ശാമിന്റെ ഭാഗത്തേക്ക് തിരിഞ്ഞു പറഞ്ഞു: 'അല്ലയോ ശാമേ! അൽവിദാ.' ഹദ്റത്ത് അബൂ ഉബയ്ദ(റ) ഹദ്റത്ത് ഉമറിന് വിജയത്തിന്റെ സന്തോഷ വാർത്തയെ കുറിച്ചുള്ള കത്തെഴുതി. ഒരു സംഘത്തെയും അയച്ചു. അതിൽ ഹുദയ്ഫ ബിൻ യമാനുമുണ്ടായിരുന്നു. ഹദ്റത്ത് ഉമർ യർമൂക് യുദ്ധത്തിന്റെ വിവരം കാത്തിരുന്നു. കുറെ ദിവസം ഉറങ്ങിയിട്ടുണ്ടായിരുന്നില്ല. വിജയത്തിന്റെ വാർത്ത കേട്ടപ്പോൾ പെട്ടെന്ന് സുജൂദിൽ വീണു. അല്ലാഹുവിന് നന്ദി പറഞ്ഞു. *(അൽഫാറൂഖ്, അല്ലാമാ ശിബ്‌ലി, പേജ് 119-130, ദാറുൽഇശാഅത്ത് കറാച്ചി 1991) (അൽ ഇക്തിഫാഅ്, ബിമാ തള്മനഃ മിൻ മഗാസി റസൂലില്ലാഹി(സ)വഥ്ഥലാഥത്തുൽ ഖുലഫാഉ ഭാഗം 2, പേജ് 271, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് ഹിജ്റ 1420) (ഫുതൂഹുശ്ശാം, വാഖ്ദി, ഭാഗം 1, പേജ് 242 അൽമക്തബത്തുത്തൗഫീഖിയ്യ ഈജിപ്റ്റ് 2008)(താരീഖ് അത്ത്വബരി ലി ഇബ്നിജരീർ ഭാഗം 2, പേജ് 338,ദാറുൽകുതുബുൽഇൽമിയ്യ*

*ബെയ്റുത്ത് 1987)(താരീഖെ ഇസ്‌ലാം കിബഹാദുർ ഖാത്തീൻ, പേജ് 116, മൗലാനാ ഥനുഉല്ലാഹ് സഅ്ദ് ശുജആബാദി, മക്തബ ഉമർ ഫാറൂഖ് കറാച്ചി 2011)(അൽഹിദായ വന്നിഹായ, വാല്യം 9, പേജ് 560, ദാറെ ഹിജ്ർ 1998)* ഖിംസിൽ നിന്ന് യർമൂക്കിലേക്ക് ഇസ്‌ലാമിക സൈന്യത്തിന് താൽക്കാലികമായി പോകേണ്ടി വന്നതായിരുന്നു. അപ്പോൾ അവരിൽ നിന്ന് വാങ്ങിയ ജിസ്‌യ അവർക്ക് തിരികെ നൽകി.

അതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'സ്വഹാബാക്കൾ റോമൻ ഭരണകൂടത്തെ എതിരിട്ടുകൊണ്ട് മുന്നേറി മുന്നേറി ക്രിസ്ത്യാനികളുടെ മതകേന്ദ്രമായ ജറുസലേം കൈയടക്കി. പിന്നീട് വീണ്ടും മുന്നോട്ട് ഗമിക്കുവാൻ തുടങ്ങിയപ്പോൾ ക്രൈസ്തവർ തങ്ങളുടെ മതകേന്ദ്രം മുസ്‌ലിമീങ്ങൾ കൈയടക്കിയെന്നു കണ്ടപ്പോൾ, അവിടെനിന്നു മുസ്‌ലിമീങ്ങളെ പുറത്താക്കാൻ അവസാന ശ്രമവും നടത്തി. നാലു ഭാഗത്തേക്കും മതപരമായ ജിഹാദിന്റെ വിളംബരം നടത്തി, ക്രിസ്തീയരിൽ മതപരമായ ഒരു ആവേശം ജനിപ്പിച്ചുകൊണ്ട് ഇസ്‌ലാമിക സൈന്യത്തെ നേരിടാൻ വലിയൊരു സൈന്യത്തെ സജ്ജീകരിച്ചു. അവരുടെ ഈ വമ്പിച്ച നീക്കം കണ്ടുകൊണ്ട് അംഗബലത്തിൽ തുലോം കുറവായ മുസ്‌ലിമീങ്ങൾ താൽകാലികമായി പിന്തിരിയാൻ തീരുമാനിച്ചു. ഇസ്‌ലാമിക സൈന്യാധിപൻ ഹദ്റത്ത് ഉമർ(റ)ന് ഇങ്ങനെ എഴുതി:'ശത്രുക്കളുടെ അംഗസംഖ്യ വളരെ കൂടുതലും നമ്മുടെ അംഗബലം വളരെ കുറവുമാണ്. അതിനാൽ ഈ അവസ്ഥയിൽ അവരെ നേരിടുക എന്നത് നമ്മുടെ സൈന്യത്തെ സ്വയം നശിപ്പിക്കുന്നതിനു തുല്യമായിരിക്കും. ആയതിനാൽ അങ്ങ് അനുവാദം നൽകുകയാണെങ്കിൽ യുദ്ധക്രമീകരണം ചെയ്യുന്നതിനും യുദ്ധമുന്നണിയെ കുറയ്ക്കുന്നതിനും സൈന്യത്തെ പിൻവലിക്കാം. അങ്ങനെ വിശാലമായി കിടക്കുന്ന എല്ലാ സൈന്യത്തേയും ഒരുമിച്ചുകൂട്ടി മുന്നേറാൻ സാധിക്കുന്നതാണ്.' ഇതോടൊപ്പം ഹദ്റത്ത് ഉമർ(റ)നോട്, 'അങ്ങ് ഇവിടെനിന്ന് സൈന്യത്തെ പിൻവലിക്കാൻ അനുവാദം നൽകുന്ന അവസ്ഥയിൽ ഈ വിജയിച്ച സ്ഥലങ്ങളിലെ ജനങ്ങളിൽനിന്ന് സ്വരുക്കൂട്ടിയ നികുതിപ്പണത്തെ സംബന്ധിച്ചു എന്തു കല്പനയാണുള്ളതെന്നുകൂടി എഴുതിചോദിച്ചു.' ഹദ്റത്ത് ഉമർ(റ)മറുപടി നൽകി: 'യുദ്ധമുന്നണി ചെറുതാക്കുന്നതിനും ഇസ്‌ലാമിക ശക്തി ഏകോപിപ്പിക്കുന്നതിനും സൈന്യത്തെ പിൻവലിക്കൽ ഇസ്‌ലാമിക അധ്യാപനങ്ങൾക്കു വിരുദ്ധമല്ല. എന്നാൽ, ഈ സ്ഥലങ്ങളിലെ ജനങ്ങളിൽനിന്നു ഇസ്‌ലാമിക സൈന്യം അവരെ സംരക്ഷിക്കുമെന്നുള്ള ഉറപ്പിന്മേലാണ് നികുതി സ്വരൂപിച്ചിരിക്കുന്നത്. ഇസ്‌ലാമിക സൈന്യം പിൻവലിയുന്ന പക്ഷം ഈ സ്ഥലങ്ങളുടെ സംരക്ഷണം സൈന്യത്തിന് ഏറ്റെടുക്കാൻ കഴിയില്ല. അതിനാൽ അവരിൽനിന്നു സ്വരൂപിച്ച മുഴുവൻ നികുതിയും തിരിച്ചുനൽകേണ്ടത് അനിവാര്യമാണ്.' ഹദ്റത്ത് ഉമർ(റ)ന്റെ ഈ കല്പന ലഭിച്ചപ്പോൾ ഇസ്‌ലാമിക സൈന്യധിപൻ അവിടെയുള്ള ഉത്തരവാദപ്പെട്ടവരെയും കച്ചവടക്കാരെയും മറ്റുള്ളവരെയും വിളിച്ചു വിളിച്ചു അവരിൽനിന്ന് വാങ്ങിയ തുക തിരിച്ചു നൽകി. അവരോടു പറഞ്ഞു: 'ഇസ്‌ലാമിക സൈന്യം നിങ്ങൾക്കു സംരക്ഷണം നൽകുമെന്ന നിബന്ധനയിലാണ് നിങ്ങളിൽനിന്നു ഈ പണം വാങ്ങിയിരുന്നത്. എന്നാൽ, ശത്രുക്കൾക്കെതിരെ ഞങ്ങൾ ദുർബലരാണെന്ന് മനസ്സിലാക്കി കുറച്ചു സമയത്തേക്ക് പിന്മാറുകയാണ്. അതുകൊണ്ട് നിങ്ങളുടെ സംരക്ഷണം ഏറ്റെടുക്കാൻ നിവർത്തിയില്ലാത്തതിനാൽ ഈ പണം ഞങ്ങളുടെ പക്കൽ വെക്കുന്നത് ശരിയല്ല.'

ഇതു ലോകചരിത്രത്തിൽ ഒരു രാജാവും കാഴ്ചവെച്ചിട്ടില്ലാത്ത മാതൃകയാണ്. രാജാക്കന്മാർ ഏതെങ്കിലും ഒരു പ്രദേശത്തുനിന്ന് പിന്മാറുമ്പോൾ അവിടെനിന്നു സ്വരൂപിച്ച കരം തിരിച്ചുനൽകുന്നത് പോകട്ടെ, ആ പ്രദേശത്തെ കൂടുതലായി കട്ടുമുടിക്കുകയാണ് ചെയ്യാറുള്ളത്. ഇനി ഈ പ്രദേശം മറ്റുള്ളവരുടെ കൈകളിൽ പോകുന്നതിനാൽ ഇവിടെനിന്ന് സാധിക്കുന്നത്ര പ്രയോജനമെടുക്കണമെന്നാണ് അവർ മനസ്സിലാക്കുന്നത്. കൂടാതെ അവർക്ക് ഭാവിയിൽ അവിടെ തുടരേണ്ടതില്ലാത്തതിനാൽ അപകീർത്തരാവുമെന്നുള്ള ഭയവുമില്ല.

ഇനി ഉയർന്ന പദവിയിലുള്ള വ്യവസ്ഥാപിതമായ ഭരണകൂടമാണെങ്കിൽ ഏറിവന്നാൽ കൂടുതൽ കൊള്ളയടിക്കാതെ നിശബ്ദമായി സൈന്യത്തെ പിൻവലിക്കുകയാണ് ചെയ്യാറുളളത്. എന്നാൽ, മുസ്‌ലിം സൈന്യം കാഴ്ചവെച്ച മാതൃക ലോകം സൃഷ്ടിക്കപെട്ടതുമുതൽ ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിലല്ലാതെ മറ്റെവിടെയും കാണുവാൻ സാധ്യമല്ല. എന്നല്ല ശേഷമുള്ള കാലഘട്ടത്തെയുംകൂടി പരിഗണിച്ചാൽപോലും, വിജയികൾ ചില പ്രദേശങ്ങളിൽനിന്നു പിന്മാറുമ്പോൾ അവരിൽനിന്നു വാങ്ങിയ നികുതിയും മറ്റു കൈയടക്കിയ വസ്തുക്കളും തിരിച്ചുനല്കിയതായ ഒരൊറ്റമാതൃകപോലും ലഭിക്കുകയില്ലെന്നുള്ളത് വളരെ വ്യസനകരമാണ്. ക്രൈസ്തവരിൽ ഇതിന്റെ സ്വാധീനം എത്രമാത്രം ഉണ്ടായെന്നാൽ, അവരുടെ മതത്തിൽപെട്ട ജർണൽമാരും ഓഫീസർമാരും അടങ്ങിയ സൈന്യം മുന്നോട്ടുഗമിക്കുകയും സൈനികർ അവരുടെതന്നെ സഹോദരന്മാരായിരിക്കുകയും ഈ യുദ്ധത്തെ ക്രൈസ്തവരുടെ വിശുദ്ധമതയുദ്ധമായി കണക്കാക്കപെടുകയും അവരുടെ മതകേന്ദ്രം ക്രൈസ്തവരുടെ കൈയിൽനിന്നു മുസ്‌ലിമീങ്ങളുടെ കൈയിൽ വരികയും ഇപ്പോൾ അതിൽനിന്നു സ്വതന്ത്രരാകണമെന്ന സ്വപ്നം കാണുന്നവരും ആയിരുന്നിട്ടുകൂടി, ക്രിസ്തീയ സ്ത്രീപുരുഷന്മാർ അവരവരുടെ വീടിനു വെളിയിൽവന്ന് മുസ്‌ലിം സൈന്യം തിരിച്ചുവരണമേയെന്ന് കരഞ്ഞു പ്രാർഥിക്കുകയാണ് ചെയ്തത്!!'*(ഖുത്ബാത്തെ മഹ്മൂദ് വാല്യം 24, പേജ് 15-17)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന് ചരിത്രത്തിൽ നല്ല അവഗാഹമുണ്ടായിരുന്നു. ഹദ്റത്ത് ഉമർ (റ)നോട് ചോദിച്ചിട്ടാണ് അവർ തിരിച്ചുപോന്നത് എന്നുതന്നെയാണ് അദ്ദേഹം കരുതിയിട്ടുള്ളത്. പിന്നെ ഈ ടാക്സ് തുടങ്ങിയവ തിരികെ നല്കപ്പെടുകയും ചെയ്തു.

ഹദ്റത്ത് ഇക്‌രിമയെ കുറിച്ചു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിൽ യർമൂക്ക് യുദ്ധവേളയിൽ നബി(സ) തിരുമേനിയുടെ സ്വഹാബാക്കളുടെ ജീവൻ അപകടത്തിലായിരുന്നു. മുസ്‌ലിമീങ്ങൾ ഒരുപാടുപേർ വധിക്കപ്പെടുന്നുണ്ടായിരുന്നു. അപ്പോൾ മുസ്‌ലിമീങ്ങളുടെ മുഖ്യകമാണ്ടർ അബുഉബയ്ദ ബിൻ ജർറാഹ്(റ)പറഞ്ഞു:'ഞാൻ ആഗ്രഹിക്കുന്നത് കുറച്ചു ധീരന്മാരെയാണ്. അഥവാ എണ്ണത്തിൽ കുറവായാലും അവർ ശക്തമായി പൊരുതി റോമക്കരിൽ ഭയമുളവാക്കണം.' ഹദ്റത്ത് ഇക്‌രിമത്ത് മുന്നോട്ട് ഗമിച്ചു. എന്നിട്ട് അബുഉബയ്ദയോട് അപേക്ഷിച്ചു: 'എന്റെ ഇഷ്ടമനുസരിച്ചു കുറച്ചാളുകളെ തിരഞ്ഞെടുക്കുവാൻ എന്നെ അനുവദിക്കുക. ആ ആളുകളുമായി ശത്രുക്കളുടെ സൈന്യത്തിന്റെ ഹൃദയഭാഗത്ത് ആക്രമിക്കുന്നതാണ്. അവരുടെ തലവനെ വധിക്കുവാൻ ശ്രമിക്കുന്നതാണ്. ആ സമയത്ത് റോമക്കരുടെ തലവൻ വളരെ ഊർജ്ജസ്വലതയോടെ യുദ്ധം ചെയ്യുകയായിരുന്നു. മുസ്‌ലിമീങ്ങൾക്കെതിരിൽ വിജയം കൈവരിക്കുകയാണെങ്കിൽ തന്റെ മകളെ വിവാഹം ചെയ്തു തരാമെന്ന് രാജാവ് അയാളോട് വാഗ്ദാനം ചെയ്തിരുന്നു! കൂടാതെ പകുതി രാജ്യത്തിന്റെ ചുമതല നല്കാമെന്നും അയാൾക്ക് വാക്കുകൊടുത്തിരുന്നു! ഇതുകൊണ്ടുതന്നെ അയാൾ വളരെയധികം ആവേശത്തിലാണ് തന്റെ സ്വന്തം സൈന്യത്തെയും രാജാവിന്റെ സൈന്യത്തെയും കൊണ്ട് മൈതാനത്തിൽ ഇറങ്ങിയതുതന്നെ! അയാൾ സൈനികരോട് ഒരുപാടു പൈസ വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. അതുകാരണം റോമൻ സൈനികരും ജീവൻ പണയംവെച്ചു യുദ്ധം ചെയ്യുന്നുണ്ടായിരുന്നു. റോമൻ സൈന്യം മുസ്‌ലിമീങ്ങളെ ആക്രമിച്ചപ്പോൾ ആ തലവൻ സൈന്യത്തിന്റെ ഹൃദയ ഭാഗത്ത് നിൽക്കുകയായിരുന്നു. ഹദ്റത്ത് ഇക്‌രിമ(റ) 400 പേരെയുംകൂട്ടി സൈന്യത്തിന്റെ ഹൃദയഭാഗത്ത് ആക്രമണം നടത്തി. അദ്ദേഹത്തിന്റെ കൂട്ടത്തിൽപെട്ട ഒരു വ്യക്തി ആ തലവനെ ആക്രമിച്ചു നിലത്തിട്ടു. ഏറ്റുമുട്ടാൻ ലക്ഷക്കണക്കിന് വരുന്ന സൈന്യമായിരുന്നു അവരുടേത്. മുസ്‌ലിമീങ്ങളാണെങ്കിൽ വെറും 400 ഉം. അതുകൊണ്ട് ഏറ്റുമുട്ടൽ എളുപ്പമായിരുന്നില്ല. ആ തലവനെ അവർ വധിച്ചു കളഞ്ഞു. അയാൾ വധിക്കപ്പെട്ടതോടെ ശത്രു സൈന്യം ചിതറിപ്പോയി. എന്നാൽ, ശത്രുക്കൾ അവരുടെമേൽ കുതിച്ചു ചാടി. കുറച്ചു പേരൊഴികെ ബാക്കിയെല്ലാവരും ശഹീദാക്കപ്പെട്ടു. അവരിൽ 12 പേർക്ക് ഗുരുതരമായി പരിക്കേറ്റു. മുസ്‌ലിംസൈന്യം വിജയിച്ചപ്പോൾ അവരെ തിരയാൻ തുടങ്ങി. 12 പരിക്കേറ്റവരിൽ ഹദ്റത്ത് ഇക്‌രിമയും ഉണ്ടായിരുന്നു. ഒരു മുസ്‌ലിം സൈനികൻ അദ്ദേഹത്തിന്റെ അടുക്കൽ വന്നു. അദ്ദേഹത്തിന്റെ അവസ്ഥ മോശമായിരുന്നു. അദ്ദേഹം ഇക്‌രിമയോട് പറഞ്ഞു: 'ഇക്‌രിമാ! എന്റെ പക്കൽ വെള്ളത്തിന്റെ ഒരു സഞ്ചിയുണ്ട്. നിങ്ങൾ കുറച്ചു വെള്ളം കുടിച്ചു കൊള്ളുക. ഇക്‌രിമ മുഖം തിരിച്ചു നോക്കിയപ്പോൾ ഹദ്റത്ത് അബ്ബാസിന്റെ മകൻ ഫള്ൽ അവിടെ കിടക്കുന്നുണ്ടായിരുന്നു. അദ്ദേഹവും ഗുരുതരമായി പരിക്കേറ്റ് കിടക്കുകയായിരുന്നു. ഇക്‌രിമ പറഞ്ഞു: 'ഞാൻ കഠിന ശത്രു ആയിരുന്നപ്പോഴും നബി(സ)തിരുമേനിയെ സഹായിച്ചവരും അവരുടെ മക്കളും വെള്ളം കുടിക്കാതെ മരണപ്പെടുകയും ഇപ്പോൾ ഞാൻ വെള്ളം കുടിച്ചു ജീവിച്ചിരിക്കുകയും ചെയ്യാൻ എന്റെ മനസ്സ് അനുവദിക്കുന്നില്ല. ആദ്യം അവരെ കുടിപ്പിക്കുക. അഥവാ വെള്ളം ബാക്കിയാവുകയാണെങ്കിൽ പിന്നെ എന്റെ അടുക്കൽ കൊണ്ടു വരിക.' അങ്ങനെ ആ മുസ്‌ലിം

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 28 October 2021 Issue-43

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ഫള്ലിന്റെ അടുക്കൽപോയി അദ്ദേഹം അടുത്ത പരിക്കേറ്റ ആളെ ചൂണ്ടിക്കാട്ടി പറഞ്ഞു, ആദ്യം അദ്ദേഹത്തെ കുടിപ്പിക്കുക. അദ്ദേഹം എന്നെക്കാളും അർഹനാണ്. അദ്ദേഹം ആ പരിക്കേറ്റ ആളുടെ അടുക്കൽ പോയപ്പോൾ അദ്ദേഹവും മറ്റൊരു പരിക്കേറ്റയാളെ ചൂണ്ടിക്കാട്ടി. പറഞ്ഞു: അദ്ദേഹം എന്നെക്കാളും അർഹനാണ് ആദ്യം അദ്ദേഹത്തെ കുടിപ്പിക്കുക. ഇങ്ങനെ അദ്ദേഹം ഏത് സൈനികന്റെ അടുക്കൽ പോയാലും അടുത്ത ആളുടെ അടുക്കലേക്ക് പറഞ്ഞയക്കും. അവരാരും വെള്ളം കുടിച്ചതുമില്ല. തുടർന്ന് അദ്ദേഹം അവസാനത്തെ പരിക്കേറ്റയാളുടെ അടുത്തെത്തിയപ്പോൾ അദ്ദേഹം മരണപ്പെട്ടിരുന്നു. ഇക്‌രിമയുടെ അടുക്കൽ മടങ്ങിയെത്തിയപ്പോൾ അദ്ദേഹവും മരണ പെട്ടിരുന്നു. ഇതേ അവസ്ഥ തന്നെയായിരുന്നു ബാക്കി ഉള്ളവരുടെയും! ആരുടെയൊക്കെ അടുക്കൽ പോയിരുന്നുവോ അവരൊക്കെ മരണപ്പെട്ടിരുന്നു. *(ഹർ അഹ്‌മദി ഔരത്ത് അഹ്‌മദിയ്യത്ത് കി സ്വദാഖത്ത് കാ ഏക് സിന്ദ നിശാൻ ഹെ, അൻവാറുൽ ഉലൂം വാള്യം 26, പേജ് 229-231)*

ഇതായിരുന്നു ആ യുദ്ധത്തിന്റെ പര്യവസാനം. അല്ലാഹു ഈ രീതിയിൽ പിന്നീട് വിജയം നൽകി. ഈ വിവരണം തുടർന്നുകൊണ്ടിരിക്കുകയാണ്. ഇനിയും ഇൻശാഅല്ലാഹു വിവരിക്കുന്നതാണ്.

വിവർത്തനം: പി.കെ.അംനാസ്

**പേജ് 8 ൽ നിന്ന്**

മാത്രമാണ് പ്രതിരോധ യുദ്ധം ചെയ്യാൻ മുസ്‌ലിമീങ്ങൾക്ക് അനുവാദം നല്കിയതെന്ന് വിശുദ്ധ ഖുർആൻ വിശദമാക്കുന്നു. മക്കാ നിഷേധികളുടെ സൈന്യത്തെ നേരിടാതിരുന്നെങ്കിൽ യഹൂദ, ക്രൈസ്തവ പള്ളികളും അമ്പലങ്ങളും, മുസ്‌ലിം മസ്ജിദുകളും പോലെയുള്ള ഒരു മതപരമായ ആരാധനാലയവും സുരക്ഷിതമാകില്ലായിരുന്നു. കാരണം എതിരാളികൾ നാനാവിധ മതങ്ങളേയും അവസാനിപ്പിക്കാൻ തുനിഞ്ഞ് ഇറങ്ങിയിരിക്കുകയായിരുന്നു. യഥാർഥത്തിൽ ആദ്യകാല മുസ്‌ലിമീങ്ങൾ പങ്കെടുത്തത് പ്രതിരോധ യുദ്ധത്തിലായിരുന്നു. ദീർഘകാല സമാധാനത്തിന്റെ സ്ഥാപനവും ജനങ്ങൾക്ക് സ്വതന്ത്രമായി ജീവിക്കാനുള്ള അവകാശം സംരക്ഷിക്കാനും വേണ്ടിയാണ് അവർ യുദ്ധം ചെയ്തത്. തീവ്രവാദ യുദ്ധം കൈക്കൊണ്ടിരിക്കുന്ന അഥവാ യുദ്ധത്തിന്റേയും തർക്കവിതർക്കങ്ങളുടെ അധ്യാപനം ഇന്നത്തെ ചില മുസ്‌ലിമീങ്ങൾ നല്കുന്നുണ്ടെങ്കിൽ അതിന്റെ കാരണം ഇവർ ഇസ്‌ലാമിന്റെ അധ്യാപങ്ങൾ മറന്നു കളഞ്ഞിരിക്കുന്നു എന്നതു തന്നെയാണ്. അല്ലെങ്കിൽ ഈ അധ്യാപനത്തെ കുറിച്ച് തികച്ചും വിവരമില്ലാത്തവരാണ്. എവിടെയെങ്കിലും ജനങ്ങളോ ഏതെങ്കിലും ഗ്രൂപ്പുകളോ തീവ്രവാദം പ്രകടിപ്പിക്കുന്നെങ്കിൽ അവരുടെ ലക്ഷ്യം ശക്തിയും പണവും കൈക്കലാക്കുക എന്നതാണ്. അനീതിപരവും തീവ്രസ്വഭാവം പുലർത്തുന്നതുമായ നയങ്ങൾ സ്വീകരിക്കുന്ന രാഷ്ട്രങ്ങൾ ഭൂമിശാസ്ത്രപരമായ പ്രയോജനങ്ങളും ഇതരരുടെമേൽ സ്വന്തം ശക്തി പ്രകടിപ്പിക്കുക എന്നതും ലാക്കാക്കിയാണ് ഇത് ചെയ്യുന്നത്. ഇത്തരം ആളുകളുടെ പ്രവർത്തനങ്ങൾക്ക് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ല. മുസ്‌ലിമീങ്ങളോട് കുഴപ്പങ്ങൾ തടയാനാണ് ഇസ്‌ലാം നിർദേശിക്കുന്നത്. അതുകൊണ്ടു തന്നെ നബി(സ)തിരുമേനിയോ സച്ചരിതരായ ഖലീഫമാരോ യുദ്ധങ്ങൾ തുടങ്ങിവെച്ചിട്ടില്ല, മറിച്ച് എക്കാലത്തും സമാധാനവും മൈത്രിയും ആഗ്രഹിക്കുകയാണ് ചെയ്തത്. എന്നുമാത്രമല്ല, ഈ വഴിയിൽ അസംഖ്യം ത്യാഗങ്ങളും അവർ വരിച്ചു.

ഇസ്‌ലാം പഴമയാഗ്രഹിക്കുന്നതും തരംതാണതുമായ മതമാണെന്നതാണ് ഉന്നയിക്കപ്പെടുന്ന ഒരാക്ഷേപം. അഥവാ പ്രകാശിതമായ ചിന്തകളെ പ്രോത്സാഹിപ്പിക്കാത്ത മതമാണ് ഇതെന്ന് ആക്ഷേപിക്കുന്നു. ഇത് ഒരു വിവരമില്ലാത്തതും വിദ്വേഷം നിറഞ്ഞതുമായ ചിന്തയാണ്. ഇതിന്റെ അടിസ്ഥാനം യാഥാർഥ്യത്തിനു പകരം കഥകളിലാണ് വെച്ചിട്ടുള്ളത്. ഇത് ഒരു അടിസ്ഥാനവുമില്ലാത്ത ആക്ഷേപമാണ്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിശദമാക്കിക്കൊണ്ട് വിശുദ്ധ ഖുർആൻ സ്വയം ഒരു ദുആ പഠിപ്പിച്ചിരിക്കുന്നു.

**'എന്റെ രക്ഷിതാവേ!**
**എനിക്ക് അറിവ് വർധിപ്പിച്ച് തന്നാലും'**

ഈ പ്രാർഥന ഒരു ഭാഗത്ത് സഹായം നേടുന്നതിനുള്ള മാർഗമാകുമ്പോൾ മറുഭാഗത്ത് അറിവ് നേടുന്നതിനും അതിൽ കൂടുതൽ പുരോഗതി കൈവരിക്കുന്നതിനും മുസ്‌ലിമീങ്ങൾക്ക് പ്രേരണ നല്കുന്നു. മധ്യകാല നൂറ്റാണ്ടുകളിലെ ചിന്തകന്മാരിലും തത്ത്വചിന്തകന്മാരിലും ഗവേഷകന്മാരിലും വിശുദ്ധ ഖുർആനിന്റേയും നബി(സ) തിരുമേനിയുടേയും അധ്യാപനങ്ങൾ വളരെ സ്വാധീനം ചെലുത്തിയിരുന്നു.

ആയിരം വർഷം മുൻപിലുള്ള ചരിത്രത്തിൽ ഒന്നു കണ്ണോടിച്ചാൽ മുസ്‌ലിം ഗവേഷകരും ശാസ്ത്രജ്ഞരും അറിവിന്റെ വികാസത്തിനു വേണ്ടി സുപ്രധാന പങ്ക് വഹിച്ചിരുന്നതായി നമുക്ക് കാണാം. ലോകത്തെ മാറ്റുന്ന സാങ്കേതിക ജ്ഞാനങ്ങൾ അവർ കണ്ടുപിടിച്ചു. ഈ ജ്ഞാനങ്ങൾ ഇന്നും ഉപയോഗിച്ചു വരുന്നു. ഉദാഹരണമായി, ഇബ്നു ഹിശീം ആദ്യ ക്യാമറ കണ്ടുപിടിച്ചു. നവീന ഒപ്റ്റിക്സിന്റെ ഉപജ്ഞാതാവ് എന്ന് വിളിക്കപ്പെടുന്ന ഇദ്ദേഹത്തെ യുനസ്കോയും അംഗീകരിച്ചിട്ടുണ്ട്. കമര എന്ന അറബി പദത്തിൽ നിന്നുമാണ് ക്യാമറ എന്ന പദം തന്നെ നിഷ്പന്നമായത് എന്നത് ഹ്യദയസ്പ്യക്കായ ഒരു യാഥാർത്ഥ്യമാണ്.

(തുടരും)

❖❖❖

www.alislam.org

Al Islam - Official website of Ahmadiyya Muslim Community

**പേജ് 1 ൽ നിന്ന്**

അവിടെനിന്ന് പുറത്താക്കപ്പെടുകയില്ലെന്ന് പറഞ്ഞത്. അതായത് ഇനി അവർക്ക് ഒരു മരണവുമില്ല.

ഓർമിക്കുക! സ്വർഗം ഒരു ആത്മീയമായ സ്ഥാനമാണ്. ആലങ്കാരിക ഭാഷയിൽ അതിലെ അനുഗ്രഹങ്ങളെ ഭൗതികാനുഗ്രഹങ്ങളോടു സാദൃശ്യം നല്കപ്പെട്ടിരിക്കുന്നു. പക്ഷേ, വാസ്തവത്തിൽ അതിലെ അനുഗ്രഹങ്ങൾ എങ്ങനെയുള്ളതാണെന്നാൽ മനുഷ്യബുദ്ധിയ്ക്ക് അതു മനസ്സിലാക്കാനെ പറ്റുകയില്ല. ഈ ആയത്തിൽ യഥാർഥത്തിൽ ഇതിലേക്കാണ് സൂചന നല്കപ്പെട്ടിരിക്കുന്നത്. അതായത് ഈ ലോകത്ത് അവർക്ക് ശയ്ത്വാനുമായി പോരാടേണ്ടതായി വരുന്നു. അവിടെ അവർ ഈ കഠിനമായ പോരാട്ടത്തിൽനിന്ന് തികച്ചും രക്ഷപ്പെടുന്നതായിരിക്കും. അവരുടെ മനസ്സ് എല്ലാ പീഢകളിൽനിന്നും സുരക്ഷിതമായിരിക്കുന്നതാണ്. താൽക്കാലികമായ നിലയിലോ സ്ഥിരമായിട്ടോ അവർക്ക് നഷ്ടമൊന്നും വരുത്താൻ ശയ്ത്വാന് സാധിക്കുകയില്ല.

ഈ ആയത്തിൽനിന്ന് ജന്നത്ത് മടിയന്മാരുടെ സത്രമല്ലെന്നും തെളിയുന്നുണ്ട്. മഠറിച്ച് അതിൽ താമസിക്കുന്നവരും ജോലിയെടുക്കുന്നതായിരിക്കും. കാരണം ജോലിയെടുക്കേണ്ടിയില്ലായിരുന്നെങ്കിൽ ക്ഷീണമുണ്ടാകുകയില്ലെന്ന് പറയേണ്ട ആവശ്യമെന്താണ്? അതിനാൽ സ്വർഗം എന്നത് തീറ്റയുടേയും കുടിയുടേയും സുഖാനുഭൂതിയുടേയും സ്ഥലമാണെന്ന് മനസ്സിലാക്കുന്നവർ തെറ്റാണ് ചെയ്യുന്നത്. **ഫദ്ഖുലീ ഫീ ഇബാദീ വദ്ഖുലി ജന്നത്തീ**(സൂറ ഫജ്ർ)അതായത് പരിപൂർണമായ അടിമവൃത്തിയുടെ സ്ഥാനം സ്വർഗത്തിൽ പ്രവേശിക്കുന്ന നേരത്തായിരിക്കും ലഭിക്കുക. ദാസൻ ജോലി ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാതെ മടിപിടിച്ച് ഇരിക്കുകയല്ല. അതിനാൽ യഥാർഥ പ്രവൃത്തിയുടെ സ്ഥാനം സ്വർഗം തന്നെയാണ്. അവിടെ മനുഷ്യൻ തികഞ്ഞ ദാസനായിത്തീരും. ജന്നത്തിന്റെ മുഴുവൻ സ്വാദും വികാരേച്ഛകളുടെ വടംവലിയിൽനിന്ന് സ്വതന്ത്രനായി മനുഷ്യൻ തന്റെ ആരാധനകളിൽ സുഖംമാത്രം അനുഭവിക്കുന്നതിലായിരിക്കും. അതിൽ ക്ഷീണം തോന്നുകയില്ല. സാധാരണ നിലയിൽ മുസ്‌ലിമീങ്ങൾ ജന്നത്തിന്റെ അവസ്ഥ (മിസ്ക്കീന്മാരെ പാർപ്പിക്കുന്ന സ്ഥലമെന്നാണ്) മനസ്സിലാക്കുന്നത്. അതായത് ജോലിയൊന്നും ചെയ്യുകയില്ല, ആഹാരം സൗജന്യമായി കിട്ടിക്കൊണ്ടിരിക്കുമെന്ന്!ആരേയും അവിടെനിന്ന് പുറത്താക്കുകയുമില്ല. ലാ ഹൗല വലാഖുവ്വത്ത ഇല്ലാഹ് ബില്ലഹിൽ അലിയ്യിൽ അളീം. (തഫ്സീറെ കബീർ, വാള്യം 4, പേജ് 83, പ്രസാധനം ഖാദിയാൻ 2010)

❖❖❖

## 126–ാമത് ജൽസാ സാലാന ഖാദിയാൻ

**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 126–ാമത് ഖാദിയാൻ ജൽസാസാലാന 2021 ഡിസംബർ 24,25,26 (വെള്ളി, ശനി, ഞായർ) തീയ്യതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽ ത്തന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന ഉദ്ദേശ്യത്തോടെ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും അല്ലാഹുവിനുവേണ്ടിയുള്ള ഈ ജൽസയിൽനിന്ന് ഫലമെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ജൽസാസാലാനയുടെ എല്ലാവിധ വിജയത്തിനും അനുഗ്രഹത്തിനുംവേണ്ടിയും സൗഭാഗ്യവാന്മാർക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനുംവേണ്ടിയും ദുആകൾ ചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്.** ***(നാള്വിർ ഇസ്വ്ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin